TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
01





FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 01 AUGUST 2026

## Awards

- 2026 ലെ കക്കാട് പുരസ്കാരത്തിന് അർഹനായത്

  **കരിയന്നൂർ നാരായണൻ നമ്പൂതിരി** (തിമില വിദ്വാൻ)

  - കലാചാര്യ പുരസ്കാരം - **കാഞ്ഞങ്ങാട് മുരളീധരൻ മാരാർ**
  - വാദ്യപ്രഭാ പുരസ്കാരം - **കല്ലൂർ ഉണ്ണികൃഷ്ണൻ മാരാർ**
  - വാദ്യകലാ സാഹിത്യ പുരസ്കാരം - **ഡോ. എൻ.പി. വിജയകൃഷ്ണൻ**
  - തൃശ്ശൂർ കക്കാട് വാദ്യകലാക്ഷേത്രമാണ് അവാർഡ് ഏർപ്പെടുത്തിയത്

- 2026 ലെ ഫീൽഡ് മെഡലിന് അർഹരായത്

  **Yu Deng, John Pardon, Hong Wang, Jacob Tsimerman**

  - ഇന്റർനാഷണൽ കോൺഗ്രസ് ഓഫ് മാത്തമാറ്റീഷ്യൻസിൽ (ICM) നാല് വർഷത്തിലൊരിക്കലാണ് ഫീൽഡ് മെഡൽ സമ്മാനിക്കുന്നത്.
  - ഇന്റർനാഷണൽ മാത്തമാറ്റിക്കൽ യൂണിയൻ (IMU) ആണ് ഇത് നൽകുന്നത്.
  - 40 വയസ്സിന് താഴെയുള്ള ഗണിതശാസ്ത്രജ്ഞർക്കാണ് അവാർഡ് സമ്മാനിക്കുന്നത്
  - ഫീൽഡ്സ് മെഡൽ ലഭിച്ച ആദ്യത്തെ ഇന്ത്യൻ വംശജനായ ഗണിതശാസ്ത്രജ്ഞനാണ് മഞ്ജുൾ ഭാർഗവ (2014) .

## National

- AI പ്രധാന വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ സംസ്ഥാനം

  **പഞ്ചാബ്**

  - പഞ്ചാബ് സ്കൂൾ എഡ്യൂക്കേഷൻ ബോർഡ് അവതരിപ്പിച്ച സർബത് AI പദ്ധതിയിലൂടെയാണ് ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് AI പഠനം സാധ്യമാവുന്നത്
  - സ്കൂൾ വിദ്യാഭ്യാസ മന്ത്രി ഹർജോത് സിംഗ് ബെയിൻസ് ആണ് ഈ പദ്ധതി ഉദ്ഘാടനം ചെയ്തത്

- രാഷ്ട്രപതി പദവിയിൽ നാലു കൊല്ലം പൂർത്തിയാക്കിയതിന്റെ ഭാഗമായി പ്രസിഡന്റ് ദ്രൗപദി മുർമു അവതരിപ്പിച്ച ഇലക്ട്രിക്ക് ബസ് സർവീസ്

  **RAAHI** (Rashtrapati Bhavan Access And Heritage Interconnector)

  - രാഷ്ട്രപതി ഭവനിലെ ജീവനക്കാർക്കും താമസക്കാർക്കും വേണ്ടിയുള്ള ഈ ബസ് സർവീസ് നിയന്ത്രിക്കുന്നത് വനിതാ ഡ്രൈവർമാരും കണ്ടക്ടർമാരുമാണ്.

## International

- അടുത്തിടെ വംശനാശം സംഭവിച്ച ജീവിയായ മാമോത്തിന്റെ ഫോസിലുകൾ കണ്ടെത്തിയ നദി

  **ഡാന്യൂബ്**

  - നോർത്തേൺ ബൾഗേറിയയിൽ നിന്നുമാണ് ഈ അസ്ഥികൾ കണ്ടെത്തിയിരിക്കുന്നത്

## Sports

- 2026 ലോക ചെസ്സ് ചാമ്പ്യൻഷിപ്പിന് വേദിയാകുന്നത്

  **ജനീവ**

  - നവംബർ 25 മുതൽ ഡിസംബർ 15 വരെയാണ് ലോക ചാംപ്യൻഷിപ്
  - നിലവിലെ ചാമ്പ്യനായ ഡി. ഗുകേഷ് ഉസ്ബെക്കിസ്ഥാൻ താരമായ ജാവോഖിർ സിന്ദറോവിനെ ഫൈനലിൽ നേരിടും

- കോമൺവെൽത്ത് ഗെയിംസ് പാരാ അത്‌ലറ്റിക്സിലെ 100 മീറ്ററിൽ വെള്ളിനേടിയ മലയാളി താരം

  **മുഹമ്മദ് ബാസിൽ**

  - T47 കാറ്റഗറിയിൽ മത്സരിച്ച മുഹമ്മദ് ബാസിൽ 10.83 സെക്കൻഡിലാണ് ഫിനിഷ് ചെയ്തത്
  - ഇന്ത്യയുടെ തന്നെ ദിലീപ് മഹദു ഗവിറ്റാണ് (10.71) ഈ വിഭാഗത്തിൽ സ്വർണം നേടിയത്

- 2026 ഒക്ടോബറിൽ ഇന്ത്യ - ബ്രസീൽ സൗഹൃദ ഫുട്ബോൾ മത്സരത്തിന് വേദിയാകുന്നത്

  **സാൾട്ട് ലേക്ക് സ്റ്റേഡിയം** (കൊൽക്കത്ത)

  - 2026 ഒക്ടോബർ മൂന്നിനാണ് മത്സരം നടക്കുക.
  - ഫിഫ റാങ്കിങ്ങിൽ നിലവിൽ ബ്രസീൽ അഞ്ചാമതും ഇന്ത്യ 138-ാം സ്ഥാനത്തുമാണ്.

## Today's MCQ

1. കോമൺവെൽത്ത് ഗെയിംസ് ലോങ്ജംപ് ചരിത്രത്തിൽ തുടർച്ചയായി രണ്ട് തവണ മെഡൽ (വെള്ളി) നേടുന്ന ആദ്യ ഇന്ത്യൻ അത്‌ലറ്റ് ആര്?
   a) അഞ്ജു ബോബി ജോർജ്ജ്
   b) എം. ശ്രീശങ്കർ
   c) നീരജ് ചോപ്ര
   d) അൽദോസ് പോൾ
2. സംസ്ഥാനത്തെ വൃദ്ധസദനങ്ങൾക്ക് കൂടുതൽ മാനുഷികവും സ്നേഹനിർഭരവുമായ അന്തരീക്ഷം നൽകാൻ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പുതിയ പേര് എന്താണ്?
   a) വാത്സല്യതീരം b) സാന്ത്വനം
   c) അഭയകേന്ദ്രം d) സ്നേഹാലയം

**Ans : 1. (b), 2. (d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
02-04



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 02 - 04 AUGUST 2026

## Appointment

- 2026 ആഗസ്റ്റിൽ നാവികസേനാ ഡെപ്യൂട്ടി ചീഫ് ആയി ചുമതലയേറ്റത്

  **എ.എൻ. പ്രമോദ്**

  - നാവികസേനാ ഓപ്പറേഷൻസ് ഡയറക്ടർ ജനറലായിരുന്നു.

## Book and Author

- 2026 ൽ പ്രസിദ്ധീകരണത്തിന്റെ 50-ാം വാർഷികം ആചരിക്കുന്ന മലയാള നോവൽ

  **അഗ്നിസാക്ഷി**

  - ലളിതാംബിക അന്തർജ്ജനമാണ് നോവൽ രചിച്ചത്
  - 1976 ലാണ് നോവൽ ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ചത്
  - ആദ്യത്തെ വയലാർ അവാർഡ്, കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ഓടക്കുഴൽ അവാർഡ് എന്നീ പുരസ്കാരങ്ങൾ അഗ്നിസാക്ഷിക്കു ലഭിച്ചിട്ടുണ്ട്.

## Kerala

- അടുത്തിടെ 30 വർഷം നീണ്ടുനിന്ന സർവീസിൽ നിന്ന് വിരമിച്ച കേരളത്തിലെ അവസാനത്തെ പൗണ്ട് കീപ്പർ

  **ശോശാമ്മ**

  - മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിൽ നിന്നാണ് വിരമിച്ചത്
  - പൊതുനിരത്തുകളിൽ അലഞ്ഞുതിരിയുന്ന കന്നുകാലികളെ പഞ്ചായത്ത് അധികൃതർ പിടികൂടി പാർപ്പിക്കുന്ന ഇടമാണ് 'പൗണ്ട്'.

## National

- ഇന്ത്യയിലെ 101-ാമത് റംസാർ സൈറ്റ്

  **Glaw Lake** (അരുണാചൽ പ്രദേശ്)

  - അരുണാചൽ പ്രദേശിൽ നിന്നുള്ള ആദ്യത്തെ റാംസർ സൈറ്റ്
  - ജയ് പ്രകാശ് നാരായൺ പക്ഷി സങ്കേതമായിരുന്നു ഇന്ത്യയിൽ നിന്നുള്ള 100-ാമത്തെ റംസാർ സൈറ്റ്

## International

- അടുത്തിടെ എച്ച് 5 എൻ 1 വൈറസ് ബാധ മൂലം കടൽ പക്ഷികൾ കൂട്ടത്തോടെ ചത്ത രാജ്യം

  **ഓസ്ട്രേലിയ**

- പസഫിക് ദ്വീപ് രാഷ്ട്രമായ നൗറുവിന്റെ പുതിയ പേര്

**Republic of Naoero**

  - ഗോത്രഭാഷയിലെ 'നാവേറോ' എന്ന പരമ്പരാഗത ഉച്ചാരണശൈലിയാണ് രാജ്യം വിണ്ടെടുത്തത്.
  - പൗരരെ 'നൗറുവൻ' എന്നതിനുപകരം 'ഡെയ് നവേറോ' എന്നുവിളിക്കാം.
  - വലിപ്പത്തിൽ ലോകത്തെ മൂന്നാമത്തെ ഏറ്റവും ചെറിയ രാജ്യമാണ് നൗറു.

- 2026 - ലെ പരിസ്ഥിതി പ്രകടന സൂചികയിൽ (Environmental Performance Index - EPI) ഇന്ത്യയുടെ റാങ്ക്

**176**

  - യേൽ യൂണിവേഴ്സിറ്റിയും കൊളംബിയ യൂണിവേഴ്സിറ്റിയും സംയുക്തമായാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്
  - ഒന്നാം സ്ഥാനം - **എസ്റ്റോണിയ**
  - അവസാന സ്ഥാനം - **ലാവോസ്**

## Science and Technology

- ഇന്ത്യ സ്വന്തമായി നിർമിക്കുന്ന സ്പേസ് സ്റ്റേഷൻ

**ഭാരതീയ അന്തരീക്ഷ സ്റ്റേഷൻ** (BAS)

  - ആദ്യ മൊഡ്യൂൾ 2028 ൽ വിക്ഷേപിക്കും
  - 2035 ൽ നിർമാണം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

- ചികിൽസിച്ചു ഭേദമാക്കിയാലും കാൻസർ വീണ്ടും വരുന്നതിന്റെ കാരണം കണ്ടെത്തിയ ഗവേഷണ സ്ഥാപനം

**രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി**

  - ഡോ. ടെസ്സി തോമസ് മാളിയേക്കലും രേഷ്മ രാജും നേതൃത്വം നൽകുന്ന ഗവേഷകരുടെ സംഘമാണ് ഈ നേട്ടം കൈവരിച്ചത്.
  - മനുഷ്യ കോശത്തിന് പുറത്തുകാണുന്ന ചില പ്രോട്ടിൻ ആവരണങ്ങളാണ് കാൻസർ വീണ്ടും പിടിപെടാൻ ഇടവരുത്തുന്നതെന്നാണ് കണ്ടെത്തൽ.

- അടുത്തിടെ പശ്ചിമഘട്ടത്തിൽ നിന്ന് കണ്ടെത്തിയ പുതിയ സസ്യം

**Anaphalis rosmarinifolia**

  - സൈലന്റ് വാലി ദേശിയോദ്യാനം, മുക്കൂർത്തി ദേശിയോദ്യാനം എന്നിവിടങ്ങളിലെ പുൽമേടുകളിലാണ് ഇവയുടെ സാന്നിധ്യമുള്ളത്.
  - സൂര്യകാന്തിച്ചെടികൾ ഉൾപ്പെടുന്ന അസ്റ്ററെസിയെ (Asteraceae) കുടുംബത്തിലെ അംഗമാണ്

## Sports

**കോമൺവെൽത്ത് ഗെയിംസ് 2026**

- വേദി - **ഗ്ലാസ്ഗോ**
- ഭാഗ്യചിഹ്നം - **ഫിന്നി** (യുണികോൺ)
- ഒന്നാം സ്ഥാനം - **ആസ്ട്രേലിയ**
- രണ്ടാം സ്ഥാനം - **ഇംഗ്ലണ്ട്**
- മൂന്നാം സ്ഥാനം - **കാനഡ**

## ഇന്ത്യ @ കോമൺവെൽത്ത് ഗെയിംസ് 2026

**13 സ്വർണം**

- സച്ചിൻ സിവാച്ച് - ബോക്സിംഗ് (പുരുഷ 60kg)
- അങ്കുഷ് പംഗൽ - ബോക്സിംഗ് (പുരുഷ 80kg)
- സാക്ഷി ചൗധരി - ബോക്സിംഗ് (വനിത 51kg)
- പ്രീതി പവാർ - ബോക്സിംഗ് (വനിത 54kg)
- ജാസ്മിൻ ലംബോറിയ - ബോക്സിംഗ് (വനിത 57kg)
- പ്രിയ ഗൻഗാസ് - ബോക്സിംഗ് (വനിത 60kg)
- അരുന്ധതി ചൗധരി - ബോക്സിംഗ് (വനിത 70kg)
- ശർമിള ധൻകർ - പാരാ അത്‌ലറ്റിക്സ് (വനിത ഷോട്ട്പുട്ട് F 57)
- സോമൻ റാണ - പാരാ അത്‌ലറ്റിക്സ് (പുരുഷ ഷോട്ട്പുട്ട് F 57)
- അസ്മിത ഡേ - ജൂഡോ (വനിത 48kg)
- ഹർഷ് സിംഗ് - ജൂഡോ (പുരുഷ 60kg)
- ദിലീപ് ഗവിറ്റ് - പാരാ അത്‌ലറ്റിക്സ് (പുരുഷ 100m T47)
- മീരാഭായ് ചാനു - വെയിറ്റ് ലിഫ്റ്റിംഗ് (വനിത 48kg)

**വെള്ളി മെഡൽ നേടിയ മലയാളികൾ**

- എം. ശ്രീശങ്കർ - അത്‌ലറ്റിക്സ് (ലോംഗ് ജംപ്)
- മുഹമ്മദ് ബാസിൽ - പാരാ അത്‌ലറ്റിക്സ് (പുരുഷ 100m T47)
- 39 മെഡലുകളുമായി ഇന്ത്യ മെഡൽ പട്ടികയിൽ നാലാം സ്ഥാനത്ത്
- ഏറ്റവും മികച്ച കായിക താരത്തിനുള്ള ഡേവിഡ് ഡിക്സൺ അവാർഡ് നേടിയത് - **മെലാനി വുഡ്സ്**
- പാരാ അത്‌ലറ്റിക് താരമായ മെലാനി ടി 54 വിഭാഗത്തിൽ മത്സരിച്ചു 1500 മീറ്ററിലും 400 മീറ്ററിലും സ്വർണം നേടിയിരുന്നു.
- 2030 കോമൺവെൽത്ത് ഗെയിംസിന്റെ വേദി - **അഹമ്മദാബാദ്**

◆ തായ്പേയ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ കിരീടം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം

**തൻവി ശർമ്മ**

- ഫൈനലിൽ വിയറ്റ്നാമിന്റെ തുയ് ലിൻ എൻഗുയാനെ നേരിട്ടുള്ള ഗെയിമുകളിൽ തോൽപ്പിച്ചാണ് കിരീടം.
- തായ്‌വാന്റെ ഇതിഹാസതാരം തായ് സു യിങ്ങി ന്റെ പേരിലെ റെക്കോഡാണ് ഇന്ത്യൻ താരം തകർത്തത്.

◆ വനിതാ സീനിയർ അന്തർ സംസ്ഥാന T 20 ക്രിക്കറ്റ് ടൂർണമെന്റായ Siechem Trophy 2026 ജേതാക്കൾ

**കേരളം**

- ഫൈനലിൽ ഹിമാചൽ പ്രദേശിനെ 48 റൺസിന് തോൽപ്പിച്ചു

- 2026 ഓഗസ്റ്റിൽ ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ പുതിയ ഫീൽഡിങ് കോച്ചായി ചുമതലയേറ്റത്

**ശുഭദീപ് ഘോഷ്**

  - ഫീൽഡിങ് കോച്ചായിരിന്ന ടി. ദിലീപ് സ്ഥാനമൊഴിഞ്ഞ ഒഴിവിലേക്കാണ് നിയമനം
  - 2024, 2026 ട്വന്റി 20 ലോകകപ്പ്, 2025 ചാമ്പ്യൻസ് ട്രോഫി എന്നിവ ഇന്ത്യ നേടിയപ്പോൾ ദിലീപായിരുന്നു ഫീൽഡിങ് കോച്ച്.

**Demise**

- 2026 ഓഗസ്റിൽ അന്തരിച്ച പ്രശസ്ത പിന്നണി ഗായിക

**ജമുന റാണി**

  - തമിഴ്, തെലുങ്ക്, മലയാളം, സിംഹള ഭാഷകളിലായി ആറായിരത്തിലധികം പാട്ടുകൾ പാടിയിട്ടുണ്ട്
- അടുത്തിടെ അന്തരിച്ച പ്രശസ്ത നേപ്പാളി പർവ്വതാരോഹകൻ

**നിർമൽ പൂർജ**

  - ലോകത്തിലെ 8000 മീറ്ററിലധികം ഉയരമുള്ള 14 കൊടുമുടികൾ ആറുമാസം കൊണ്ട് കീഴടക്കി 2019 ൽ ലോക റെക്കോഡ് സ്ഥാപിച്ചിരുന്നു.
  - അദ്ദേഹത്തിന്റെ ഈ നേട്ടത്തെ ആസ്പദമാക്കി 14 പീക്സ് : നതിങ് ഈസ് ഇമ്പോസ്സിബിൾ എന്ന ഡോക്യുമെന്ററി പുറത്തിറങ്ങിയിരിന്നു
- 2026 ഓഗസ്റ്റിൽ അന്തരിച്ച മദ്രാസ്, ആന്ധ്രപ്രദേശ് ഹൈക്കോടതികളുടെ മുൻ ചീഫ് ജസ്റ്റിസ്

**ജസ്റ്റിസ് മൻമോഹൻ സിങ് ലിബർഹാൻ**

  - അയോധ്യയിൽ ബാബറി മസ്ജിദ് തകർത്തതിലേക്ക് നയിച്ച സാഹചര്യങ്ങൾ അന്വേഷിച്ച ഏകാംഗ കമ്മിഷനായിരുന്നു
  - 2009 നവംബറിൽ, അന്നത്തെ പ്രധാനമന്ത്രി മൻമോഹൻസിങ് മുൻപാകെയാണ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചത്.

**Today's MCQ**

1. 2026-ലെ കക്കാട് പുരസ്കാരത്തിന് അർഹനായ തിമില വിദ്വാൻ ആരാണ്?

    (a) കരിയന്നൂർ നാരായണൻ നമ്പൂതിരി

    (b) കാഞ്ഞങ്ങാട് മുരളീധരൻ മാരാർ

    (c) കല്ലൂർ ഉണ്ണികൃഷ്ണൻ മാരാർ

    (d) ഡോ. എൻ.പി. വിജയകൃഷ്ണൻ

2. ഇന്റർനാഷണൽ മാത്തമാറ്റിക്കൽ യൂണിയൻ (IMU) നൽകുന്ന ഫീൽഡ്സ് മെഡൽ എത്ര വർഷത്തിലൊരിക്കലാണ് സമ്മാനിക്കുന്നത്?

    (a) 2 വർഷം (b) 4 വർഷം

    (c) 5 വർഷം (d) 10 വർഷം

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUGUST
05-06



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 05 - 06 AUGUST 2026

## Appointment

- 2026 ജൂലൈയിൽ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലായി നിയമിതയായത്

  **വർഷ അശോക് അഗ്ലാവെ**

  - ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ആദ്യ വനിതാ ഡയറക്ടർ ജനറൽ
  - ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ 54-ാമത് ഡയറക്ടർ ജനറൽ
  - ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ സ്ഥാപിതമായത് **-1851**
  - ആസ്ഥാനം - **കൊൽക്കത്ത**

- 2026 ആഗസ്റ്റിൽ ഇറാനിലെ അടുത്ത ഇന്ത്യൻ അംബാസഡറായി നിയമിതനായത്

  **വിശേഷ് നേഗി**

  - നിലവിൽ വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയാണ് ഇദ്ദേഹം.

## Kerala

- 2026-ൽ സ്ഥാപിതമായതിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ക്രിക്കറ്റ് സംഘടന

  **കേരള ക്രിക്കറ്റ് അസോസിയേഷൻ (KCA)**

  - 1950 - ൽ കേണൽ ഗോദവർമ്മ രാജ രൂപീകരിച്ച തിരുവിതാംകൂർ - കൊച്ചി ക്രിക്കറ്റ് അസോസിയേഷനിൽ നിന്നാണ് കേരള ക്രിക്കറ്റ് അസോസിയേഷൻ ഉടലെടുത്തത്.
  - ആദ്യ പ്രസിഡന്റ് - **കേണൽ ഗോദവർമ്മ രാജ**

- കേരളത്തിൽ സ്വർണ വ്യാപാര മേഖലയെ ലക്ഷ്യമിട്ട് സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സംയുക്തമായി നടത്തിയ പരിശോധന

  **ഓപ്പറേഷൻ ഔറം**

  - പരിശോധനയിൽ വൻ നികുതി വെട്ടിപ്പ് കണ്ടെത്തി.

## National

- ഫ്ളോട്ടിംഗ് സോളാർ ഫോട്ടോവോൾട്ടായ്ക് പദ്ധതികൾ, എനർജി സ്റ്റോറേജ് സിസ്റ്റംസ് എന്നിവ വികസിപ്പിക്കുന്നതിനായി അടുത്തിടെ കേന്ദ്രം അംഗീകാരം നൽകിയ പദ്ധതി

  **പ്രധാനമന്ത്രി സൂര്യ സരോവർ യോജന (PMSSY)**

  - 2030-31 ആകുമ്പോഴേക്കും ജലാശയങ്ങളിൽ 5,000 മെഗാവാട്ട് വൈദ്യുതി സ്ഥാപിക്കാൻ പ്രധാനമന്ത്രി സൂര്യ സരോവർ യോജന ലക്ഷ്യമിടുന്നു.
  - വീടുകളുടെ റൂഫ്ടോപ്പ് സോളാർ സജ്ജീക്കുന്നതിനുള്ള സാമ്പത്തിക സബ്സിഡികൾ നൽകുന്ന പദ്ധതിയാണ് **പ്രധാനമന്ത്രി സൂര്യ ഘർ: മുഫ്ത് ബിജ്‌ലി യോജന**
  - കർഷകർക്ക് സൗരോർജ്ജം വഴി വരുമാനവും വൈദ്യുതിയും ഉറപ്പാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ് **PM-KUSUM** (Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan)

- വോയ്സ് കോളിംഗ് അനുഭവവും ഗുണനിലവാരവും വിലയിരുത്താനും റിപ്പോർട്ട് ചെയ്യാനും ഉപഭോക്താക്കളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ അടുത്തിടെ നവീകരിച്ച് പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ

**മൈകോൾ**

  - കോളിംഗ് അനുഭവ പ്രശ്നങ്ങൾ സേവന ദാതാക്കളെ അറിയിക്കുന്നതിന് ഉപഭോക്താക്കളുടെ കൈകളിലെ ഒരു പ്രധാന ഉപകരണമാകും ആപ്പ്
  - ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ചെയർമാൻ - **അനിൽ കുമാർ ലഹോട്ടി**

## Sports

- ടൂർ ഡി ഫ്രാൻസ് ഫെമ്മസിൽ പങ്കെടുക്കുന്ന ആദ്യ ഇന്ത്യൻ വനിത

**ഹർഷിത ജഖർ** (രാജസ്ഥാൻ)

  - പുരുഷന്മാരുടെ ടൂർ ഡി ഫ്രാൻസിന് സമാനമായ വനിതകളുടെ മൾട്ടിസ്റ്റേജ് സൈക്ലിംഗ് റേസാണ് ടൂർ ഡി ഫ്രാൻസ് ഫെമ്മെസ്.

- കോമൺവെൽത്ത് ഗെയിംസ് 2026 സമാപന ചടങ്ങിൽ ഇന്ത്യ അവതരിപ്പിച്ച സാംസ്കാരിക പ്രദർശനത്തിന്റെ പ്രമേയം

**വസുധൈവ കുടുംബകം**

  - പ്രശസ്ത ഗായകനും സംഗീതസംവിധായകനുമായ ശങ്കർ മഹാദേവനും മുൻ ലോക സുന്ദരി മാനുഷി ചില്ലറുമാണ് സാംസ്കാരിക പ്രദർശനത്തെ നയിച്ചത്.
  - വന്ദേമാതരം ഗീതത്തോടെയാണ് അവതരണം ആരംഭിച്ചത്.
  - അഹമ്മദാബാദിലേക്കുള്ള യാത്രയുടെ ഭാഗമായി നീരജ് ചോപ്രയുടെയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പി.ടി. ഉഷയുടെയും ഗുജറാത്ത് ഉപമുഖ്യമന്ത്രി ഹർഷ് സംഘവിയുടെയും സാന്നിധ്യത്തിൽ ഇന്ത്യയ്ക്ക് കോമൺവെൽത്ത് പതാക ഔദ്യോഗികമായി കൈമാറി.
  - 2026 - ലെ വേദി - **ഗ്ലാസ്ഗോ** (സ്കോട്ട്ലൻഡ്)
  - ഭാഗ്യചിഹ്നം - **ഫിന്നി** (യുണികോൺ)

- ജമ്മു കശ്മീരിൽ നിന്ന് ഇന്ത്യൻ ടെസ്റ്റ് ടീമിൽ ഇടം നേടിയ ആദ്യ ക്രിക്കറ്റ് താരം

**Auqib Nabi**

  - പരിക്കേറ്റ ജസ്പ്രീത് ബുമ്രയ്ക്കു പകരമാണ് ജമ്മു കശ്മീർ താരം ഔഖിബ് നബിയെ ശ്രീലങ്കയ്ക്കെതിരായ 2 മത്സരങ്ങളടങ്ങിയ ടെസ്റ്റ് പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തിയത്.
  - 2025-26 രഞ്ജി ട്രോഫിയിൽ ജമ്മു കശ്മീരിനെ ആദ്യമായി ചാമ്പ്യന്മാരാക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു

## Demise

- 2026 ജൂലൈയിൽ അന്തരിച്ച ഇറ്റാലിയൻ ഫുട്ബോൾ ഇതിഹാസ താരം

**ഫ്രാങ്കോ ബറേസി**

  - മറഡോണ താൻ നേരിട്ടതിൽ വച്ച് ഏറ്റവും ബുദ്ധിമുട്ടേറിയതും മികച്ചതുമായ ഡിഫൻഡർ എന്ന് വിശേഷിപ്പിച്ചത് ബറേസിയെയായിരുന്നു.
  - 1982 - ൽ സ്പെയിനിൽ നടന്ന ലോകകപ്പ് നേടിയ ഇറ്റാലിയൻ ടീമിൽ അംഗമായിരുന്നു ബറേസി.

## Today's MCQ

1. 2026 ആഗസ്റ്റിൽ ഇന്ത്യൻ നാവികസേനയുടെ ഡെപ്യൂട്ടി ചീഫ് ആയി ചുമതലയേറ്റത് ആരാണ്?

   (a) ദിനേശ് കെ. ത്രിപാഠി

   (b) സഞ്ജയ് ജസ്ജീത് സിങ്

   (c) എ.എൻ. പ്രമോദ്

   (d) ഹരി കുമാർ

2. ഇന്ത്യയിലെ 101-ാമത് റംസർ സൈറ്റായി പ്രഖ്യാപിക്കപ്പെട്ടത് ?

   (a) ലോക്തക് തടാകം

   (b) ഗ്ലോ തടാകം

   (c) ദീപോർ ബീൽ

   (d) റുദ്രസാഗർ തടാകം

   **Ans : 1. (c), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
07



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 07 AUGUST 2026

## Important Days

- ആഗസ്റ്റ് 7 - **ദേശീയ ജാവലിൻ ദിനം**
  - 2021 ടോക്കിയോ ഒളിമ്പിക്സിൽ നീരജ് ചോപ്ര ജാവലിൻ ത്രോയിൽ സ്വർണ മെഡൽ നേടിയ ദിവസമാണ് ആഗസ്റ്റ് 7.
- ആഗസ്റ്റ് 7 - **ദേശീയ കൈത്തറി ദിനം**
  - 1905 - ലെ സ്വദേശി പ്രസ്ഥാനത്തിന്റെ ആരംഭത്തെ അനുസ്മരിച്ചാണ് ആഗസ്റ്റ് 7 ദേശീയ കൈത്തറി ദിനമായി ആചരിക്കുന്നത്.

## Award

- 2026-ലെ COSPAR വിക്രം സാരാഭായ് മെഡൽ നേടിയത്

  **അന്നപൂർണി സുബ്രഹ്മണ്യം**
  - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ് ഡയറക്ടറാണ്
  - COSPAR (Committee on Space Research) ഉം ISRO യും സംയുക്തമായി നൽകുന്ന പുരസ്കാരമാണിത്
  - ബഹിരാകാശ ഗവേഷണ രംഗത്തെ മികച്ച സംഭാവനകൾക്കാണ് പുരസ്കാരം നൽകുന്നത്

## Kerala

- ദക്ഷിണ റെയിൽവേയുടെ ആദ്യത്തെ മെക്കാനിക്കൽ ഹെറിറ്റേജ് മ്യൂസിയം സ്ഥാപിതമാകുന്നത്

  **ഷൊർണൂർ** (പാലക്കാട്)
- കേരളത്തിലെ ആദ്യത്തെ സംഘടിത 'നിലക്കടല ഗ്രാമം' ആകാൻ ഒരുങ്ങുന്ന പഞ്ചായത്ത്

  **എലപ്പുള്ളി, പാലക്കാട്**
  - ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി കുറയ്ക്കുന്നതിന്റെ ഭാഗമായി ഈ ഗ്രാമം നിലക്കടല കൃഷി പുനരുജ്ജീവിപ്പിക്കുന്നു
- അടുത്തിടെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ഇന്ത്യ പോസ്റ്റിന്റെ 'പെർമനന്റ് പിക്റ്റോറിയൽ ക്യാൻസലേഷൻ' (Permanent Pictorial Cancellation - PPC) എന്ന പ്രത്യേക തപാൽ മുദ്രയും സ്പെഷ്യൽ കവറും അനുവദിച്ചു.
  - കേരളത്തിൽ ഈ അംഗീകാരം ലഭിക്കുന്ന നാലാമത്തെ ക്ഷേത്രമാണിത്.
  - ശബരിമല, ഗുരുവായൂർ, കാസർഗോഡുള്ള മധൂർ ക്ഷേത്രം എന്നിവയാണ് ഈ അംഗീകാരം ലഭിച്ച മറ്റ് ക്ഷേത്രങ്ങൾ
- കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള അമ്മത്തൊട്ടിലിൽ ലഭിച്ച ആയിരാമത്തെ കുഞ്ഞിന് നൽകിയ പേര്

  **സഹസ്ര**
  - ആദ്യത്തെ അമ്മത്തൊട്ടിൽ ആരംഭിച്ച തീയതി - **2002 നവംബർ 14** (തിരുവനന്തപുരം)
  - 2002 ഡിസംബറിൽ അമ്മത്തൊട്ടിലിൽ ആദ്യമായി ലഭിച്ച കുഞ്ഞിന്റെ പേര് 'നിത്യ'
  - നൂറാമത്തെ കുഞ്ഞിന് 'ശതശ്രീ' എന്നാണ് പേരിട്ടത്

- സർക്കാർ ഭൂമി, കെട്ടിടങ്ങൾ, മറ്റ് പൊതുസ്വത്തുക്കൾ എന്നിവയുടെ വിവരങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഡിജിറ്റലായി സൂക്ഷിക്കുന്നതിനും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുമായി കേരള സർക്കാർ ആരംഭിച്ച പോർട്ടൽ

**SAMPATH PORTAL**

- അധ്യാപകരെയടക്കം AI പഠിപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുന്ന പുതിയ പദ്ധതി

**എ. ഐ. ഗുരു**

  - സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി - **റോജി എം ജോൺ**

- അഡൂർ മഹാലിംഗേശ്വര ക്ഷേത്രം സ്ഥിതി ചെയ്യുന്ന ജില്ല

**കാസർഗോഡ്**

  - അടുത്തിടെ ചരിത്രപരമായ പീരങ്കികൾ ഇവിടെ കണ്ടെത്തി

## National

- ആഴക്കടലിലെ എണ്ണ, പ്രകൃതിവാതക പര്യവേക്ഷണം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതി

**സമുദ്ര മന്ഥൻ**

  - ഈ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു

- 2026 ഓഗസ്റ്റിൽ കൃത്രിമ പനീർ നിരോധിച്ച സംസ്ഥാനം

**മഹാരാഷ്ട്ര**

## International

- ഡാനിഷ് രാജകുടുംബത്തിന്റെ ചരിത്രത്തിൽ ആദ്യമായി നിർബന്ധിത സൈനിക സേവനത്തിന് ചേരുന്ന വനിത

**ഇസബെല്ല രാജകുമാരി**

## Space

- സ്പേസ്എക്സ് ഫാൽക്കൺ 9 റോക്കറ്റിന്റെ ഭാഗം ചന്ദ്രനിൽ ഇടിച്ചിറങ്ങി.
  - ഒന്നരവർഷമായി ബഹിരാകാശത്ത് കറങ്ങിനടക്കുകയായിരുന്ന ഭാഗമാണ് ഇടിച്ചിറങ്ങിയത്
  - മണിക്കൂറിൽ ഏകദേശം 8,700 കിലോമീറ്റർ വേഗതയിലാണ് ഈ റോക്കറ്റ് അവശിഷ്ടം ചന്ദ്രനിൽ ഇടിച്ചത്.
  - ഇതിന്റെ ആഘാതത്തിൽ ചന്ദ്രനിൽ വലിയൊരു ഗർത്തം രൂപപ്പെട്ടിട്ടുണ്ടാകാമെന്ന് അന്താരാഷ്ട്ര ബഹിരാകാശ ട്രാക്കിംഗ് ഏജൻസികൾ സ്ഥിരീകരിച്ചു.
  - 2025ന്റെ വിക്ഷേപിച്ച ഫാൽക്കൺ 9 റോക്കറ്റിന്റെ ഭാഗമാണിത്

- അടുത്തിടെ കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ച ISRO യുടെ ഉപഗ്രഹങ്ങൾ

**എൻ.വി.എസ് 03** (NVS-03) (ഇന്ത്യയുടെ തദ്ദേശീയ 'നാവിക്' (NavIC) നാവിഗേഷൻ സംവിധാനം ശക്തമാക്കാനുള്ള ഉപഗ്രഹം)

**ഇ.ഒ.എസ് 05** (EOS-05) (അതിർത്തി നിരീക്ഷണത്തിനും ദുരന്ത നിവാരണത്തിനുമുള്ള ഭൗമ നിരീക്ഷണ ഉപഗ്രഹം.)

  - ഐ.എസ്.ആർ.ഒ യുടെ ചരിത്രത്തിൽ ആദ്യമായാണ് അനുമതി നിഷേധിക്കുന്നത്
  - PSLV C 61, PSLV C 62 തുടങ്ങിയ ISRO ദൗത്യങ്ങൾ അടുത്തിടെ പരാജയപ്പെട്ടിരുന്നു

**Today's MCQ**

1. 2026 ജൂലൈയിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലായി നിയമിതയായത്

    a) അതിഥി ആചാര്യ b) വർഷ അശോക് അഗ്ലാവെ

    c) മീര റാണി അഗർവാൾ d) സുമിത അധികാരി

2. 2026 ആഗസ്റ്റിൽ ഇറാനിലെ അടുത്ത ഇന്ത്യൻ അംബാസഡറായി നിയമിതനായത്

    a) വിശേഷ് നേഗി b) പ്രേം ചന്ദ്

    c) വിനയ് മോഹൻ ക്വാത്ര d) രവീഷ് കുമാർ

**Ans : 1. (b), 2. (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
08



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 08 AUGUST 2026

## Appointment

- 2026 ആഗസ്റ്റിൽ എയർ ഇന്ത്യ സി.ഇ.ഒ.യും മാനേജിംഗ് ഡയറക്ടറുമായി നിയമിതനായത്

**ടെവോൾഡെ ഗെബ്രെമറിയം**

  - എത്യോപ്യൻ എയർലൈൻസിന്റെ മുൻ മേധാവിയായിരുന്നു അദ്ദേഹം

## Kerala

- കെ.എസ്.ആർ.ടി.സി.യുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത വാട്ട്സ്ആപ്പ് ടിക്കറ്റിംഗ് സംവിധാനം ആരംഭിച്ചു.
  - യാത്രക്കാർക്ക് 9447071021 എന്ന വാട്ട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം അയച്ച് ടിക്കറ്റ് ബുക്ക് ചെയ്യാം.
  - യാത്രാ തീയതി, ബോർഡിംഗ് പോയിന്റ്, ലക്ഷ്യസ്ഥാനം എന്നിവ നൽകിയാൽ മതി. തിരഞ്ഞെടുത്ത റൂട്ടിലും തീയതിയിലും ലഭ്യമായ ബസുകൾ സിസ്റ്റം പ്രദർശിപ്പിക്കും. യാത്രക്കാർക്ക് അവരുടെ ഇഷ്ടപ്പെട്ട യാത്രാ സമയത്തിന് അനുയോജ്യമായ ഒരു സേവനം തിരഞ്ഞെടുത്ത് വാട്ട്സ്ആപ്പ് വഴി നേരിട്ട് ബുക്കിംഗ് പൂർത്തിയാക്കാം.
  - കെ.എസ്.ആർ.ടി.സി. യുടെ 24x7 കസ്റ്റമർ കെയർ ടോൾ ഫ്രീ സേവനം 149 എന്ന ഹെൽപ്പ് ലൈൻ നമ്പറിലൂടെ ആക്സസ് ചെയ്യാം
  - ഗതാഗത മന്ത്രി - **സി.പി. ജോൺ**
- ബഹിരാകാശത്ത് സ്പേസ് വാക്ക് നടത്തിയ ആദ്യ മലയാളി

**അനിൽ മേനോൻ**

  - നാസയുടെ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ ആഗസ്റ്റ് 6 ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന് പുറത്ത് സ്പേസ് വാക്ക് നടത്തി.
  - ഈ ദൗത്യം US Space walk 96 എന്നറിയപ്പെടുന്നു.
  - ഐ.എസ്.എസിന്റെ സൗരോർജ സംവിധാനം നവീകരിക്കുന്നതിനായുള്ള ദൗത്യത്തിനായാണ് അനിൽ മേനോൻ ആദ്യ സ്പേസ് വാക്ക് നടത്തിയത്.
  - ഏകദേശം ആറരമണിക്കൂർ നീണ്ട ദൗത്യത്തിൽ നാസയിലെ ബഹിരാകാശ യാത്രിക ജെസിക്ക മിയറും അനിൽ മേനോന് ഒപ്പമുണ്ടായിരുന്നു
  - 2026 ജൂലൈ 14 നാണ് അനിൽ മേനോൻ യാത്ര ചെയ്ത സോയൂസ് എംഎസ് 29 ബഹിരാകാശ പേടകം വിക്ഷേപിച്ചത്.
- കേരളത്തിലെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനായി ആരംഭിക്കുന്ന പദ്ധതി

**മൈ പോലീസ് സ്റ്റേഷൻ**

  - ആഗസ്റ്റ് 15 മുതൽ 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതി നടപ്പാക്കും
  - ഇതിനൊപ്പം പൊലീസ് സ്റ്റേഷന്റെ ചുമതല (എസ്.എച്ച്.ഒ) എസ്.ഐ.മാർക്ക് കൈമാറും.
  - മുല്ലപ്പെരിയാർ സ്റ്റേഷന്റെ ചുമതല ഡി.വൈ.എസ്.പി.ക്കായിരിക്കും.

- കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്കും ഗർഭപാത്രം നീക്കംചെയ്യുന്ന ശസ്ത്രക്രിയയ്ക്ക് (ഹിസ്റ്ററെക്ടമി) ശമ്പളത്തോട് കൂടിയ 45 ദിവസത്തെ അവധിക്ക് അർഹതയുണ്ടെന്ന് പ്രഖ്യാപിച്ച ഹൈക്കോടതി

**കേരള ഹൈക്കോടതി**

  - സമഗ്ര ശിക്ഷയിൽ സ്പെഷ്യൽ എജ്യുക്കേറ്റർമാരായി ജോലി ചെയ്യുന്ന നിഷ ജോസ്, പി സി മോളി എന്നിവർ നൽകിയ ഹർജിയിലാണ് ഉത്തരവ്

## National

- ആർത്തവവിരാമ പ്രായത്തിലെ സ്ത്രീകൾക്ക് ഋതുതാരെ എന്ന പദ്ധതി ആരംഭിച്ച സംസ്ഥാനം

**കർണാടക**

  - ആർത്തവവിരാമ ഘട്ടത്തിലൂടെ കടന്നുപോകുന്ന സ്ത്രീകൾക്ക് ആവശ്യമായ ആരോഗ്യ പരിചരണം ഉറപ്പാക്കുന്നതിനും രോഗലക്ഷണങ്ങൾ നേരത്തേ തിരിച്ചറിഞ്ഞ് ചികിത്സ ലഭ്യമാക്കുന്നതിനും അവബോധം വർധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.
  - പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ - **രമ്യ**
  - കർണാടക മുഖ്യമന്ത്രി - **ഡി. കെ. ശിവകുമാർ**

- ഇന്ത്യയിലെ ആദ്യത്തെ വനിതാ ഫൈറ്റർ കോംബാറ്റ് ലീഡർ

**ഭാവന കാന്ത്**

  - ഏറ്റവും നൂതനമായ കോംബാറ്റ് ഫ്ലൈയിംഗ് പരിശീലനമായ ഫൈറ്റർ കോംബാറ്റ് ലീഡർ കോഴ്സ് പൂർത്തിയാക്കി.
  - റിപ്പബ്ലിക് ദിന പരേഡിൽ മാർച്ച് ചെയ്ത ആദ്യത്തെ വനിതാ യുദ്ധവിമാന പൈലറ്റാണ് ഭാവന

- ചാണകവും ജൈവമാലിന്യങ്ങളും ഉപയോഗിച്ച് കംപ്രസ്ഡ് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനായി കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയ പദ്ധതി

**GOBARdhan (Galvanizing Organic Bio-Agro Resources Dhan)**

  - രാജ്യത്തെ സിബിജി ഉത്പാദനം ഏകദേശം പത്തിരട്ടിയായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2026-27 സാമ്പത്തിക വർഷം മുതൽ 2035-36 വരെ പദ്ധതി നടപ്പിലാക്കും

- ന്യൂക്ലിയർ ടെക്നോളജിയിൽ ഇന്ത്യയിലെ ആദ്യത്തെ ഇൻഡസ്ട്രി - അക്കാദമിയ പ്രോഗ്രാം ആരംഭിച്ച സ്ഥാപനം

**ഐ.ഐ.ടി. ഹൈദരാബാദ്**

  - **അനുഗ്യാൻ** എന്നാണ് പ്രോഗ്രാമിന്റെ പേര്
  - അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയുടെ സിവിൽ ന്യൂക്ലിയർ എനർജി മേഖലയ്ക്കായി പ്രതിഭകളെ വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള മൂന്ന് മാസത്തെ റെസിഡൻഷ്യൽ പ്രോഗ്രാമാണിത്

- നിലവിലെ കാബിനറ്റ് സെക്രട്ടറി

**ടി.വി. സോമനാഥൻ**

  - കാലാവധി ഒരു വർഷത്തേക്ക് നീട്ടി
  - ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹനും സർക്കാർ ഒരു വർഷത്തേയ്ക്ക് സർവീസ് നീട്ടി നൽകി.

- ക്രോൾ ഇന്ത്യ സെലിബ്രിറ്റി ബ്രാൻഡ് മൂല്യനിർണ്ണയം 2025 പ്രകാരം ഇന്ത്യയിലെ ഏറ്റവും മൂല്യവത്തായ സെലിബ്രിറ്റി ബ്രാൻഡ്

**ഷാരൂഖ് ഖാൻ** ($177.9 മില്യൺ)

  - രണ്ടാം സ്ഥാനത്ത് - രൺവീർ സിംഗ് ($162.9 മില്യൺ)
  - മൂന്നാം സ്ഥാനത്ത് - വിരാട് കോഹ്‌ലി ($158.4 മില്യൺ)

**Defence**

- അടുത്തിടെ ഇന്ത്യ വിജയകരമായി പരീക്ഷിച്ച മധ്യദൂര ബാലിസ്റ്റിക് മിസൈൽ

**അഗ്നി 4**

  - ഒഡീഷയിലെ ചാന്ദിപൂരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്നാണ് വിക്ഷേപിച്ചത്

**Today's MCQ**

1. ദക്ഷിണ റെയിൽവേയുടെ ആദ്യത്തെ മെക്കാനിക്കൽ ഹെറിറ്റേജ് മ്യൂസിയം സ്ഥാപിതമാകുന്നത് എവിടെയാണ്?

   a) എറണാകുളം b) കോഴിക്കോട്

   c) ഷൊർണ്ണൂർ d) കൊല്ലം

2. കേരളത്തിലെ ആദ്യത്തെ സംഘടിത 'നിലക്കടല ഗ്രാമം' ആകാൻ ഒരുങ്ങുന്ന പഞ്ചായത്ത് ഏത്?

   a) കുമരകം b) എലപ്പുള്ളി

   c) മരങ്ങാട്ടുപിള്ളി d) നെടുമ്പാശ്ശേരി

**Ans : 1. (c), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

SEP
09




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 09 SEPTEMBER 2026

## Appoinment

- ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റിയുടെ (INS) 2026–27 കാലയളവിലെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **കരൺ രാജേന്ദ്ര ദർദ**

  - ലോക്മത് മീഡിയ ഗ്രൂപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറാണ്
- ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ പുതിയ ലെഫ്റ്റനന്റ് ഗവർണർ

  **ദിനേശ് ശർമ്മ**

## Book and author

- Red Soil Iron Will, The Journey of V.S.'.എന്ന പുസ്തകത്തിന്റെ രചയിതാവ്

  **കെ.വി. സുധാകരൻ**

## Kerala

- 68-ാമത് (2026-27) സംസ്ഥാന സ്കൂൾ കായികമേള വേദി

  **കോഴിക്കോട്**

  - 67-ാമത് വേദി - **തിരുവനന്തപുരം**

    (ഓവറോൾ നേടിയത് - **തിരുവനന്തപുരം**, ഭാഗ്യചിഹ്നം - **തങ്കു** (മുയൽ)
- ഇന്ത്യയിലെ ആദ്യത്തെ ഭിന്നശേഷി പുനരധിവാസ ഗ്രാമം

  **ആതവനാട്, തിരൂർ** (മലപ്പുറം)

  - ഭിന്നശേഷി പുനരധിവാസ ഗ്രാമത്തിൽ എല്ലാ സംവിധാനങ്ങളുമുണ്ടാകും
  - കുട്ടികളുടെ രക്ഷാകർത്താക്കൾക്ക് താമസ സൗകര്യം നൽകും.
  - ഭിന്നശേഷി വിഭാഗത്തിൽപെടുന്ന ഒരു കുട്ടിയുടെ ജനനം മുതൽ മരണംവരെയുള്ള ജീവിത കാലഘട്ടത്തിൽ ആവശ്യമായി വരുന്ന മുഴുവൻ സംവിധാനങ്ങളും ഈ ഗ്രാമത്തിലുണ്ടാകും

## National

- ആരവല്ലി മലനിരകളുടെ നിർവചനവും സംരക്ഷണവും പരിശോധിക്കുന്നതിനായി സുപ്രീം കോടതി രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ അധ്യക്ഷ

  **കാഞ്ചൻ ദേവി**

  - 2027 ഫെബ്രുവരി 28 വരെ 6 മാസത്തെ അധിക സമയം കമ്മിറ്റി ആവശ്യപ്പെട്ടെങ്കിലും സുപ്രീം കോടതി അത് നിരസിച്ചു
  - കേവലം ഉയരത്തിന്റെ മാത്രം അടിസ്ഥാനത്തിൽ മാത്രം ആരവല്ലിയെ നിർവചിക്കാനാകില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു
  - 2026 നവംബർ 30 സമയപരിധിക്കുള്ളിൽ റിപ്പോർട്ട് നൽകാത്ത പക്ഷം കമ്മിറ്റി പുനഃസംഘടിപ്പിക്കുമെന്ന് (reconstitute) സുപ്രീം കോടതി മുന്നറിയിപ്പ് നൽകി.

- ഇന്ത്യയിലെ ആദ്യത്തെ കാർബൺ ഗാർഡൻ സ്ഥാപിതമായത്

  **ഡൽഹി യൂണിവേഴ്സിറ്റി**

  - വായു മലിനീകരണവും മണ്ണ് മലിനീകരണവും കുറയ്ക്കുക എന്നതാണ് പ്രധാന ലക്ഷ്യം

- ഗൊല്ലാല ഗുഡി ക്ഷേത്രം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **തെലങ്കാന**

  - ഗൊല്ലല ഗുഡി ക്ഷേത്രത്തെ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (ASI) ദേശീയ പ്രാധാന്യമുള്ള സ്മാരകമായി പ്രഖ്യാപിച്ചു
  - കാകതീയ കാലഘട്ടവുമായി ബന്ധപ്പെട്ട ക്ഷേത്രമാണിത്
  - ഗൊല്ലല ഗുഡി ഒരു ത്രികൂടാലയമാണ് അതായത് മൂന്ന് ഗർഭഗൃഹങ്ങൾ ഉൾക്കൊള്ളുന്ന ക്ഷേത്രരൂപം.
  - ക്ഷേത്രം യുനെസ്കോ ലോക പൈതൃക പട്ടികയിലുള്ള രാമപ്പ ക്ഷേത്രത്തിന് സമീപമാണ്. രാമപ്പ ക്ഷേത്രത്തിന്റെ ഔദ്യോഗിക പേര് രുദ്രേശ്വര ക്ഷേത്രം എന്നാണ്
  - 2021ൽ ഇന്ത്യയിലെ 39-ാമത്തെ ലോക പൈതൃക കേന്ദ്രമായി രാമപ്പ ക്ഷേത്രം പ്രഖ്യാപിക്കപ്പെട്ടു.

- 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാര ചടങ്ങിന് വേദിയാകുന്നത്

  **ഏകതാ നഗർ** (ഗുജറാത്ത്)

  - ഏകതാ നഗർ (നർമദ ജില്ല)പ്രധാനമായും Statue of Unity സ്ഥിതി ചെയ്യുന്ന പ്രദേശമായാണ് അറിയപ്പെടുന്നത്.

- 2026ൽ 75-ാം വാർഷികം ആഘോഷിച്ച തമിഴ് ദിനപത്രം

  **ദിനമലർ**

  - തമിഴ് ദിനപത്രമായ ദിനമലറിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കി.
  - ചെന്നൈയിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ആണ് സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കിയത്.
  - പട്ടം (Pattam) എന്ന ദിനമലറിന്റെ വിദ്യാഭ്യാസ സംരംഭത്തെയും ഉപരാഷ്ട്രപതി അഭിനന്ദിച്ചു.
  - ദിനമലർ സ്ഥാപിതമായ വർഷം - **1951**
  - സ്ഥാപകൻ - **ടി. വി. രാമസുബ്ബയ്യർ**

## International

- 2026–27 കാലയളവിലെ SCO യുടെ ടൂറിസം ആൻഡ് കൾച്ചറൽ ക്യാപിറ്റൽ ആയി തിരഞ്ഞെടുക്കപ്പെട്ട നഗരം

  **ലാഹോർ** (പാകിസ്ഥാൻ)

  - SCO -**Shanghai Cooperation Organisation**
  - SCO ടൂറിസം ആൻഡ് കൾച്ചറൽ ക്യാപിറ്റൽ പദവി 2022 മുതൽ അംഗരാജ്യങ്ങൾക്കിടയിൽ നൽകി വരുന്നു
  - ആദ്യമായി ടൂറിസം ആൻഡ് കൾച്ചറൽ ക്യാപിറ്റൽ പദവി ലഭിച്ചത് - **വാരണാസി** (2022)

**Science & tech**

- ഇടുക്കി മതികെട്ടാൻ ഷോല ദേശീയോദ്യാനത്തിൽ നിന്ന് അടുത്തിടെ കണ്ടെത്തിയ പുതിയ ലൈക്കൺ ഇനം

**ബുവെല്ലിയ മഹാരാജെൻസിസ്**

  - മഹാരാജാസ് കോളേജിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് കോളേജിനോടുള്ള ആദര സൂചകമായാണ് പുതിയ ഇനത്തിന് ബുവെല്ലിയ മഹാരാജെൻസിസ് (Buellia maharajensis) എന്ന് പേര് നൽകിയിരിക്കുന്നത്

**Demise**

- 2026 സെപ്റ്റംബറിൽ അന്തരിച്ച കർണാടക സംഗീതജ്ഞൻ

**എസ്. ആർ.ജാനകിരാമൻ** (എസ് . രംഗസാമി ജാനകിരാമൻ )

  - 2011ൽ പത്മശ്രീ ലഭിച്ചു

- 2026 സെപ്റ്റംബറിൽ അന്തരിച്ച പ്രശസ്ത മലയാള ചലച്ചിത്ര സംവിധായകൻ

**ആർ.ശരത്**

  - ഇദ്ദേഹം സംവിധാനം ചെയ്ത് 2000-ൽ പുറത്തിറങ്ങിയ 'സായഹ്നം' എന്ന ചിത്രത്തിന് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളിൽ ഏഴ് പുരസ്കാരങ്ങളും നവാഗത സംവിധായകനുള്ള ഇന്ദിരാഗാന്ധി ദേശീയ പുരസ്കാരവും ലഭിച്ചു.

**Today's MCQ**

1. ലഡാക്കിലെ സാൻസ്കർ ജില്ലയിൽ നിന്ന് ഇന്ത്യൻ സൈന്യത്തിൽ കമ്മീഷൻ ചെയ്യപ്പെടുന്ന ആദ്യത്തെ വനിതാ ഓഫീസർ ആരാണ്?

   a) സ്റ്റാൻസിൻ സാങ്യാങ് b) സോനം ചോസ്ഡോൺ

   c) ചേറിങ് ഡോൾമ d) റിൻചെൻ അങ്മോ

2. 'Arguments with Gandhi' എന്ന പുതിയ പുസ്തകം രചിച്ചത് ആര്?

   a) രാമചന്ദ്ര ഗുഹ b) ശശി തരൂർ

   c) അരുന്ധതി റോയ് d) വിക്രം സേത്ത്

**Ans : 1. (a), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
10-11




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 10 - 11 AUGUST 2026

## Book and Author

- ഓപ്പറ ബോക്സ് എന്ന ബുക്ക് എഴുതിയത്

  **സാറ ജോസഫ്**

## Award

- 2026 ലെ ഡിറാക് മെഡൽ ലഭിച്ച ഇന്ത്യൻ പ്രൊഫസർ

  **ദീപക് ധർ**

  - ഇന്ത്യയിലെ അറിയപ്പെടുന്ന സൈദ്ധാന്തിക ഭൗതികശാസ്ത്രജ്ഞരിൽ ഒരാളും INSA യിലെ പ്രൊഫസറുമാണ് ദീപക് ധർ.
  - ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ് ഏർപ്പെടുത്തുന്ന പുരസ്കാരമാണിത്
  - സ്റ്റാറ്റിസ്റ്റിക്കൽ മെക്കാനിക്സിലെ ശ്രദ്ധേയമായ സംഭാവനകൾക്ക് ഈ വർഷം തിരഞ്ഞെടുക്കപ്പെട്ട നാല് ഭൗതികശാസ്ത്രജ്ഞരിൽ ഒരാളാണ് ധർ.

## Appointment

- 2026 ആഗസ്റ്റിൽ യു.എസ്. അറ്റോർണി ജനറലായി തിരഞ്ഞെടുക്കപ്പെട്ടത്

  **Todd Blanche**

## Kerala

- സംസ്ഥാനത്തെ ഗുണ്ടകളെ അമർച്ച ചെയ്യാനുള്ള പൊലിസ് പരിശോധന

  **ഓപ്പറേഷൻ ഗ്രിപ്പ്**

  - ഗുണ്ടകളെ നിരീക്ഷിക്കുന്നതോടൊപ്പം ഇവർക്കുള്ള സാമ്പത്തിക സഹായവും പൊലിസ് പരിശോധിക്കും
- റെഡ് അലർട്ട് പ്രഖ്യാപിച്ച ജില്ലകളിൽ മൊബൈൽ ഫോണുകളിലേക്ക് മുന്നറിയിപ്പ് സന്ദേശം നൽകുന്ന മൊബൈൽ ബ്രോഡ്കാസ്റ്റ് അലർട്ട് സിസ്റ്റം

  **സചേത്**

  - കോടിക്കണക്കിനു മൊബൈലുകളിലേക്ക് അസാധാരണ ശബ്ദത്തോടെ ഒരേസമയം അലർട്ടുകൾ നൽകാൻ കഴിയുന്നതാണ് നാഷനൽ ഡിസാസ്റ്റർ അലർട്ട് പോർട്ടലായ 'സചേത്' എന്ന സംവിധാനം.
  - ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും ടെലികമ്യൂണിക്കേഷൻ വകുപ്പും സംയുക്തമായാണ് ഇതു നടപ്പാക്കുന്നത്.

## National

- നിലവിലെ ഇ.ഡി. ഡയറക്ടർ

  **രാഹുൽ നവീൻ**

  - അദ്ദേഹത്തിന്റെ കാലാവധി സർക്കാർ ഒരു വർഷം കൂടി നീട്ടി

- 30 വർഷങ്ങൾക്ക് ശേഷം എവറസ്റ്റിൽ നിന്ന് 'ഗ്രീൻ ബൂട്ട്സ്' പർവതാരോഹകന്റെ മൃതദേഹം ഇന്ത്യ വീണ്ടെടുക്കുന്നു
  - ഏറെ ദുഷ്കരവും അപകടം നിറഞ്ഞതും അപൂർവവുമായ വീണ്ടെടുക്കൽ ദൗത്യമാണ് ഇന്ത്യാ ടിബറ്റൻ ബോർഡർ പോലീസിന്റെ (ഐ.ടി.ബി.പി.) നേതൃത്വത്തിൽ ആരംഭിച്ചത്.
  - ഡോർജെ മൊറുപ്പിന്റെ മൃതദേഹമാണ് 'ഗ്രീൻ ബൂട്ട്സ്' എന്ന പേരിൽ അറിയപ്പെടുന്നത്. 1996 ൽ എവറസ്റ്റ് കീഴടക്കാൻ പുറപ്പെട്ട ഐ.ടി.ബി.പി.യുടെ ആറംഗ സംഘത്തിലെ അംഗമായിരുന്നു ലഡാക്ക് സ്വദേശിയായ മൊറുപ്പ്.
  - പർവതാരോഹകർ സാധാരണ തിരഞ്ഞെടുക്കാറുള്ള നേപ്പാൾ ഭാഗത്തുനിന്നുള്ള വഴിക്കുപകരം ചൈനയിൽനിന്ന് എവറസ്റ്റിൽ പ്രവേശിച്ച് ചരിത്രം സൃഷ്ടിക്കുകയായിരുന്നു സംഘത്തിന്റെ ഉദ്ദേശ്യം.
  - ആറിൽ മൂന്നുപേർ മോശം കാലാവസ്ഥകാരണം പകുതിവഴിക്ക് മടങ്ങി. എന്നാൽ മൊറുപ്പ്, സെവാങ് സ്മാൻല, സെവാങ് പാൽജോർ എന്നിവർ 1996 മേയിൽ എവറസ്റ്റിന്റെ നെറുകെയിൽ എത്തി.
  - മടക്കയാത്രയിൽ ഹിമപാതത്തിൽപ്പെട്ട് മൂന്നുപേരും മരിച്ചു. ഇതിൽ രണ്ടുപേരുടെ മൃതദേഹങ്ങൾ ഇതുവരെ കണ്ടെത്താനായില്ല.
  - മൊറുപ്പിന്റെ പച്ചബൂട്ടുകളണിഞ്ഞ മൃതദേഹം മുപ്പതുവർഷമായി സമുദ്രനിരപ്പിൽനിന്ന് 8500 മീറ്റർ ഉയരത്തിൽ, എവറസ്റ്റിന്റെ 'ഡെത്ത് സോണിൽ' മരവിച്ച് കിടന്നു.

## International

- 2026 ആഗസ്റ്റിൽ ചൈനയിൽ കനത്ത നാശനഷ്ടത്തിന് ഇടയായ ചുഴലിക്കാറ്റ്

  **ഡോൾഫിൻ**

  - തായ്‌വാൻ, ഫിലിപ്പീൻസ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളെയും ഡോൾഫിൻ ചുഴലിക്കാറ്റ് ബാധിച്ചു.

## Sports

- ലോക അണ്ടർ 20 ചാമ്പ്യൻഷിപ്പിൽ ഹൈജമ്പിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരൻ

  **ബസന്ത് കുമാർ മേഘ്‌വാൾ**

  - പുരുഷന്മാരുടെ ഹൈജമ്പിൽ, 19 കാരനായ മേഘ്‌വാൾ 2.21 മീറ്റർ ചാടി വെള്ളി മെഡൽ നേടി.
  - അൾജീരിയയുടെ യൂനസ് അയാച്ചി സ്വർണ്ണം നേടി
  - പുരുഷന്മാരുടെ ലോങ് ജമ്പിൽ 7.84 മീറ്റർ ചാടി വെങ്കലം നേടി **ഷഹനവാസ് ഖാൻ**.
  - ലോക അണ്ടർ 20 ചാമ്പ്യൻഷിപ്പിൽ ലോങ് ജമ്പിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് ഷഹനവാസ് ഖാൻ.
  - **ആശിഷ് യാദവ്** ജാവലിൻ ത്രോയിൽ വെള്ളി മെഡൽ നേടി.
  - നീരജ് ചോപ്രയ്ക്ക് ശേഷം ലോക അത്‌ലറ്റിക്സ് അണ്ടർ 20 ചാമ്പ്യൻഷിപ്പിൽ വിജയിക്കുന്ന രണ്ടാമത്തെ ഇന്ത്യക്കാരനായി.

- 2026 ലെ കൊറിയ മാസ്റ്റേഴ്സ് വനിതാ സിംഗിൾസിൽ വിജയിച്ച ഇന്ത്യൻ താരം

  **അഷ്മിത ചാലിഹ**

  - ഫൈനലിൽ ചൈനയുടെ ഹാൻ കിയാൻസിയെ പരാജയപ്പെടുത്തി
  - 2024 ലെ ഏഷ്യൻ ടീം ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ നേടിയ ഇന്ത്യൻ വനിത ടീമിൽ അംഗമായിരുന്നു അഷ്മിത ചാലിഹ. 2019 ലെ ദക്ഷിണേഷ്യൻ ഗെയിംസിൽ, വനിതാ സിംഗിൾസിൽ സ്വർണ്ണ മെഡൽ നേടി. കൂടാതെ ടീം ഇനത്തിൽ സ്വർണ്ണം നേടിയ ഇന്ത്യൻ ടീമിലും ഉൾപ്പെട്ടിരുന്നു.

**Today's MCQ**

1. 2026 ലെ വി.ടി സ്മാരക ട്രസ്റ്റിന്റെ സാഹിത്യ പുരസ്കാരം ലഭിച്ചത് ആർക്കാണ്?
   (a) എം. മുകുന്ദൻ (b) പി.വി. ഷാജികുമാർ
   (c) ബെന്യാമിൻ (d) സുഭാഷ് ചന്ദ്രൻ
2. സംസ്ഥാന ഭാഗ്യക്കുറിയുടെ ഫലമറിയാൻ സംസ്ഥാന ഭാഗ്യകുറി വകുപ്പ് ആരംഭിച്ച മൊബൈൽ ആപ്ലിക്കേഷൻ ഏതാണ്?
   (a) Kerala Lottery Official (b) ഭാഗ്യകേരള
   (c) Smart Lottery (d) ലോട്ടറി കേരള

   **Ans : 1. (b), 2. (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
12



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 12 AUGUST 2026

## Appointment

- നാളികേര വികസന ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതയായത്

**ദീപ.ഡി നായർ**

  - ഏഴുവർഷം കേരളം സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപറേഷന്റെ മാനേജിങ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്

## Awards

**സംസ്ഥാന കർഷക അവാർഡ് 2025**

- കാർഷികമേഖലയിലെ സമഗ്രസംഭാവനയ്ക്കുള്ള പ്രഥമ ഉമ്മൻചാണ്ടി സ്മാരക കർഷക അവാർഡ് നേടിയത് - **ചെറുവയൽ രാമൻ** (5,00,000 രൂപ)
- ശ്രീ. സി. അച്യുതമേനോൻ സ്മാരക അവാർഡ് - കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തും ഉളിക്കൽ ഗ്രാമ പ്പഞ്ചായത്തും പങ്കിട്ടു (5,00,000 രൂപ).
- സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ പുരസ്കാരം - **രാജനാരായണൻ** (തിരുവില്വാമല)
- കേരകേസരി പുരസ്കാരം - **കെ.കെ.സേവ്യർ** (2,00,000 രൂപ)
- വി.വി.രാഘവൻ സ്മാരക അവാർഡ് - **തിരുവല്ല കുറ്റൂർ കൃഷിഭവൻ** (5,00,000 രൂപ)
- കർഷകതിലകം വനിത - **സാവിത്രി കെ, കാസർകോട്** (1,00,000 രൂപ)
- കെ.വിശ്വനാഥൻ (മിത്രാനികേതൻ) നെൽക്കതിർ അവാർഡ് - **പാലക്കാട് നെന്മേനി നെൽ ഉത്പാദക പാടശേഖരസമിതി** (3,00,000 രൂപ)
- പൈതൃക കൃഷി, വിത്തുസംരക്ഷണം, വിളകളുടെ സംരക്ഷണം - **ഗോട്ടിയാർ കണ്ടി ഉന്നതി, അഗളി** (2,00,000 രൂപ)
- ജൈവകർഷകൻ - **ഷാജഹാൻ വി.വൈ.**, കൊടുങ്ങല്ലൂർ, (2,00,000 രൂപ).
- യുവകർഷകൻ - **ഹാഷിക് കെ.**, പൊഴുതന, വയനാട്, (1,00,000 രൂപ).
- ഹരിതമിത്ര - **രജീഷ് കെ.**, (1,00,000 രൂപ).
- ഹൈടെക് കർഷകൻ - **പുഷ്പഹാസ് പി.**, ചിതറ, കൊല്ലം, (1,00,000 രൂപ).
- കർഷകജ്യോതി - **കിഷോർ വി.**, വയല (1,00,000 രൂപ).
- തേനീച്ചക്കർഷകൻ - **അനീഷ് കെ.പി.വണ്ടൂർ**, മലപ്പുറം, (1,00,000 രൂപ).
- മട്ടുപ്പാവ് കൃഷി - **അനിത എം.കാസിം** (50,000 രൂപ)
- ഉദ്യാനശ്രേഷ്ഠ - **ഡോളി വർഗീസ്** (50,000 രൂപ)
  - 35 വിഭാഗങ്ങളിലായിരുന്നു ഇതുവരെ പുരസ്കാരം നൽകിയിരുന്നത്.
- 2026 ആഗസ്റ്റിൽ ലോക ആരോഗ്യ സംഘടനയുടെ ദക്ഷിണേന്ത്യൻ മേഖലയിലെ പബ്ലിക് ഹെൽത്ത് ചാമ്പ്യൻ പുരസ്കാരത്തിനു അർഹനായ ഇന്ത്യക്കാരൻ

**ഡോ. കെ സുരേഷ്കുമാർ**

  - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ (ഐപിഎം) സ്ഥാപക ഡയറക്ടർ

- കേരള ബാലസാഹിത്യ അക്കാദമിയുടെ 2026 ലെ ബാലശാസ്ത്ര സാഹിത്യ പുരസ്കാര ജേതാവ്

  **ഡോ. ടി.എ.അരുൺ**

  - ചന്ദ്രന്റെ കഥ എന്ന കൃതിക്കാണ് പുരസ്കാരം
- 2026 ആഗസ്റ്റിൽ ജമ്നാലാൽ ബജാജ് പുരസ്കാരത്തിനു അർഹനായത്

  **ഡോ. ജേക്കബ് പുളിക്കൻ**

  - 20 ലക്ഷം രൂപയും ട്രോഫിയും അടങ്ങുന്നതാണ് പുരസ്ക്കാരം
  - ഗാന്ധി സെന്റർ ഫോർ റൂറൽ ഡെവലപ്പ്മെന്റിന്റെ സ്ഥാപകനും ഡയറക്ടറുമാണ് ഡോ. ജേക്കബ് പുളിക്കൻ
- 2026 നാദശ്രീ പുരസ്കാര ജേതാവ്

  **കെ. എസ് ചിത്ര**

  - ശ്രീകണ്ഠേശ്വര ക്ഷേത്ര യോഗമാണ് പുരസ്കാരം ഏർപ്പെടുത്തിയത്
  - ഒരു ലക്ഷം രൂപയും,ശില്പവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്ക്കാരം
- 2026 കോവളം കവികൾ സാഹിത്യ പുരസ്കാരം നേടിയത്

  **ഡോ.വി.എസ് ശർമ്മ**

  - 11,111 രൂപയും രൂപയും,ശില്പവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്ക്കാരം
  - കോവളം കവികൾ സ്മാരക സമിതിയാണ് പുരസ്കാരം ഏർപെടുത്തിയത്

## Book and Author

- Mammals of India എന്ന പുസ്തകം തയ്യാറാക്കിയത്

  **ഡോ. പി.ഒ. നമീർ**

  - കാർഷിക സർവകലാശാല വന്യജീവി പഠനവിഭാഗം മേധാവിയാണ്
  - എ.ജെ.ടി.ജോൺസിങ് ആണ് സഹ രചയിതാവ്

## Kerala

- കേരള ഫോറെസ്റ്റ് ഡവലപ്മെന്റ് കോർപറേഷൻ അവതരിപ്പിക്കുന്ന പുതിയ ബ്രാൻഡ്

  **ആത്മ**

  - കോർപറേഷൻ തോട്ടങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന തേയിലയും കാപ്പിയും 'ആത്മ' എന്ന പേരിലായിരിക്കും ഇനി വിപണിയിലെത്തിക്കുക

## National

- സർക്കാർ പരിപാടികൾക്കു മുൻപ് സംസ്ഥാന ഗാനമായ തമിഴ് തായ് വാഴ്ത്ത് ആലപിക്കാൻ തമിഴ്നാട് സർക്കാർ പ്രമേയം പാസ്സാക്കി
  - മനോന്മണിയം സുന്ദരം പിള്ളയാണ് ഈ ഗാനം എഴുതിയത്.
  - എം.എസ്. വിശ്വനാഥനാണ് ഈ വരികൾക്ക് ഈണം പകർന്നത്
- ഐക്യരാഷ്ട്ര സഭയുടെ ജനീവയിലെ ഓഫീസിലേക്ക് അഞ്ചു മയിലുകളെ സമ്മാനിച്ച രാജ്യം

  **ഇന്ത്യ**

  - യു.എൻ സ്ഥിരം പ്രതിനിധിയായ അരിന്ദം ബാഗ്ചി മയിലുകളെ യു.എൻ.ഒ.ജി ഡയറക്ടർ ജനറൽ തത്യാന വാലോവയക്ക് കൈമാറി.
  - 1981ൽ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി ഡൽഹി മൃഗശാലയിൽ നിന്ന് ഒരു ജോഡി മയിലുകളെ ജനീവയിലേക്ക് അയച്ചിരുന്നു.

- പ്രധാന ക്ഷേത്രങ്ങളിൽ സെപ്റ്റംബർ ഒന്നുമുതൽ മൊബൈൽ ഫോണുകൾക്ക് നിരോധനം ഏർപ്പെടുത്തുന്ന സംസ്ഥാനം

  **തമിഴ്നാട്**

  - ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ് വകുപ്പ് മന്ത്രി എസ്. രമേശാണ് ഇക്കാര്യം അറിയിച്ചത്

- സമുദ്ര മേഖലയിലെ സമ്പൂർണ ഡിജിറ്റൽ വത്കരിക്കുന്നതിനായി കേന്ദ്ര തുറമുഖ കപ്പൽ ഗതാഗത മന്ത്രാലയം അവതരിപ്പിച്ച പോർട്ടൽ

  **ഇ - സമുദ്ര**

  - കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാൾ പ്ലാറ്റ്ഫോം ഉദ്ഘാടനം ചെയ്തു.
  - സമുദ്ര ഭരണം നവീകരിക്കുന്നതിനും സേവന വിതരണം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട്, നാവികർ, ഷിപ്പിംഗ് കമ്പനികൾ, തുറമുഖങ്ങൾ, മറ്റ് സമുദ്ര പങ്കാളികൾ എന്നിവർക്കുള്ള സേവനങ്ങൾ സംയോജിപ്പിക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമായാണ് ഇ - സമുദ്ര പ്ലാറ്റഫോം അവതരിപ്പിച്ചിരിക്കുന്നത്

## International

- 2026 ആഗസ്റ്റിൽ ഭൂചലനമുണ്ടായ ലാറ്റിൻ അമേരിക്കൻ രാജ്യം

  **കൊളംബിയ**

  - 7.4 രേഖപ്പെടുത്തിയ ഭൂചലനമാണ് രേഖപ്പെടുത്തിയത്

## Sports

- 2026 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റിന്റെ വേദി

  **യു.എ.ഇ**

  - ആഗസ്റ്റ് 28 മുതലാണ് ടൂർണമെന്റ് ആരംഭിക്കുന്നത്

- T20 ക്രിക്കറ്റിൽ ഏറ്റവുമധികം റൺസ് നേടിയ താരം

  **ജോസ് ബട്‌ലർ**

  - കീറോൺ പൊള്ളാർഡിന്റെ പേരിലുള്ള റെക്കോർഡാണ് മറികടന്നത്

- 2026 വേൾഡ് ബാഡ്മിന്റൺ ചാംപ്യൻഷിപ്പിന്റെ ഭാഗ്യചിഹ്നം

  **Peacko**

  - ആഗസ്ത് 17 മുതൽ 23 വരെയാണ് ചാംപ്യൻഷിപ്പ് നടക്കുന്നത്
  - ഡൽഹിയിലെ ഇന്ദിര ഗാന്ധി ഇൻഡോർ സ്റ്റേഡിയമാണ് മുഖ്യ വേദി

- 2026 ദേശീയ അണ്ടർ 11 ചെസ്സ് ചാംപ്യൻഷിപ്പ് നേടിയ മലയാളി

  **ദിവി ബിജേഷ്**

  - 11 കളിയിൽ 9.5 പോയിന്റ് സ്വന്തമാക്കിയാണ് കിരീടം
  - 2024 ലും ചാമ്പ്യനായിരിന്നു

- പുരുഷ ഏകദിനക്രിക്കറ്റിൽ 5000 മത്സരങ്ങൾ പൂർത്തിയായി
  - ഈ മത്സരത്തിൽ ഏറ്റുമുട്ടിയത് കാനഡയും സ്കോട്ട്ലൻഡുമാണ്
  - 1971 ൽ ഓസ്ട്രേലിയയും ഇംഗ്ലണ്ടും തമ്മിലായിരുന്നു ആദ്യത്തെ ഏകദിന ക്രിക്കറ്റ് മത്സരം

**Today's MCQ**

1. 'ഓപ്പറ ബോക്സ്' (Opera Books) എന്ന പുസ്തകം എഴുതിയത് ആര്?

   (a) സാറാ ജോസഫ് (b) കെ.ആർ. മീര

   (c) ബെന്യാമിൻ (d) സുഭാഷ് ചന്ദ്രൻ

2. 2026 - ലെ ഡിറാക് മെഡൽ ലഭിച്ച ഇന്ത്യൻ പ്രൊഫസർ ആര്?

   (a) സി.എൻ.ആർ. റാവു (b) ദീപക് ധർ

   (c) അശോക് സെൻ (d) കെ. ശിവൻ

   **Ans : 1. (a), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
13-14



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 13 - 14 AUGUST 2026

## Appointment

- 2026 ആഗസ്റ്റിൽ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയായി നിയമിതയായത്

  **ദീപ്തി ഗൗർ മുഖർജി**

  - നിലവിൽ കോർപ്പറേറ്റ് കാര്യ സെക്രട്ടറിയാണ്
  - 2026 ജൂലൈയിൽ നരേഷ് പാൽ ഗംഗ്വാറിനെ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയായി നിയമിച്ചിരിന്നു. അദ്ദേഹത്തെ ഈ സ്ഥാനത്ത് നിന്നും മാറ്റി ഇപ്പോൾ ദീപ്തി ഗൗറിനെ നിയമിച്ചു.

- ഹംഗറിയുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **ആൻഡ്രാസ് ബക്ക**

  - മുൻ ഹംഗേറിയൻ സുപ്രീം കോടതി മേധാവിയാണ് അദ്ദേഹം

## Book and Author

- Triumph of the Indian Republic: My Life, My Struggles എന്ന ബുക്ക് എഴുതിയത്

  **രാം നാഥ് കോവിന്ദ്**

  - മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിന്റെ ആത്മകഥയായ 'ട്രയംഫ് ഓഫ് ദി ഇന്ത്യൻ റിപ്പബ്ലിക്: മൈ ലൈഫ്, മൈ സ്ട്രഗിൾസ്' പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ പ്രകാശനം ചെയ്തു.

## National

- പതിറ്റാണ്ടുകൾക്ക് ശേഷം ഗംഗയിൽ ഹിൽസ മത്സ്യങ്ങളെ കണ്ടെത്തി

  - ഗംഗാ നദിയുടെ മധ്യ - ഉപരി ഭാഗങ്ങളിൽ നിന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് അപ്രത്യക്ഷമായെന്ന് കരുതപ്പെട്ടിരുന്ന അപൂർവ്വ ഇനം ഹിൽസ മത്സ്യങ്ങളെ ഉത്തർപ്രദേശിലെ ചന്ദൗലി ജില്ലയിൽ നിന്ന് കണ്ടെത്തി.
  - കടലിൽ ജീവിക്കുകയും പ്രജനനത്തിനായി നദികളിലേക്ക് സഞ്ചരിക്കുകയും ചെയ്യുന്ന പ്രകൃത മുള്ളവയാണ് ഹിൽസ മത്സ്യങ്ങൾ.
  - 1975 - ൽ ഫറാക്ക ബാരേജ് വന്നതോടെയാണ് ഗംഗയുടെ മുകൾത്തട്ടിൽ നിന്ന് അപ്രത്യക്ഷ മായത്.
  - നമാമി ഗംഗേ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഫിഷ് പാസ്, മത്സ്യങ്ങൾക്ക് ബാരേജ് മറികടന്ന് നദിയുടെ മുകൾത്തട്ടിലേക്ക് സഞ്ചരിക്കാൻ സഹായിക്കുന്നു. ഹിൽസ മത്സ്യങ്ങളെ കണ്ടെത്തിയത് ഇതിന്റെ ഫലപ്രാപ്തിയാണ്.

- അടുത്തിടെ ടാറ്റ സൺസ് ചെയർമാൻ സ്ഥാനം രാജിവെച്ച വ്യക്തി

  **എൻ. ചന്ദ്രശേഖരൻ**

  - 2027 ഫെബ്രുവരിയിൽ അവസാനിക്കുന്ന നിലവിലെ കാലാവധിയിൽ അദ്ദേഹം തുടരും.
  - 2027 ഫെബ്രുവരി തന്റെ കാലാവധി അവസാനിച്ചതിനുശേഷം തുടർ നിയമനത്തിന് പരിഗണിക്കേണ്ടതില്ലായെന്ന് അദ്ദേഹം വ്യക്തമാക്കി.

## International

- ലോകത്തിൽ ഇതുവരെ നിർമിച്ചതിൽ ഏറ്റവും വലിയ ദ്വിമാന ഭൂപടം തയ്യാറാക്കിയത്

  **DESI Legacy Imaging Surveys**

  - 13 വർഷത്തെ നിരീക്ഷണത്തിനു ശേഷമാണ് ഭൂപടം നിർമിച്ചത്
  - DESI - **Dark Energy Spectroscopic Instrument**

## Science and Technology

- 2026 ആഗസ്റ്റിൽ ത്രിപുരയിലെ ജംപുയി കുന്നുകളിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം കാസ്കേഡ് തവള ഇനം

  **Amolops ammachi**

  - അമ്മച്ചി എന്ന് വിളിക്കപ്പെട്ടിരുന്ന സാമൂഹികപ്രവർത്തക പദ്മിനി വർക്കിയോടുള്ള ആദരസൂചകമായിട്ടാണ് ഈ പേര് നൽകിയത്
  - ഫ്രോഗ് മാൻ ഓഫ് ഇന്ത്യ എന്നറിയപ്പെടുന്ന ഡോ.എസ്.ഡി ബിജുവും സംഘവുമാണ് കണ്ടെത്തലിന് പിന്നിൽ

## Space

- 1999 ന് ശേഷം യൂറോപ്യൻ വൻകരയിൽ ദൃശ്യമായ ആദ്യത്തെ സമ്പൂർണ്ണ സൂര്യഗ്രഹണം നടന്നത്

  **ആഗസ്റ്റ് 12, 2026**

  - സ്പെയിനിൽ ഇത് 1905ന് ശേഷമുള്ള ആദ്യത്തെ അനുഭവമാണ്
  - ഈ പ്രതിഭാസം ഗ്രീൻലാൻഡ്, ഐസ്‌ലാൻഡ്, സ്പെയിൻ, പോർച്ചുഗലിന്റെ ചെറിയ ഭാഗം എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും ദൃശ്യമായത്
  - ഇത് നടന്ന സമയത്ത് ഇന്ത്യയിൽ രാത്രിയായിരുന്നതിനാൽ പ്രതിഭാസം ദൃശ്യമായില്ല.
  - ഭൂമിക്കും സൂര്യനും ഇടയിൽ ചന്ദ്രൻ കടന്നുപോകുമ്പോഴാണ് സൂര്യഗ്രഹണം സംഭവിക്കുന്നത്, അതുവഴി ഭൂമിയുടെ ഒരു ചെറിയ ഭാഗത്ത് നിന്ന് സൂര്യന്റെ കാഴ്ച പൂർണ്ണമായോ ഭാഗികമായോ മറയ്ക്കുന്നു.

## Sports

- 2026 യുവേഫ സൂപ്പർ കപ്പ് ജേതാക്കൾ

  **പി.എസ്.ജി.**

  - റണ്ണറപ്പ് - **ആസ്റ്റൺ വില്ല എഫ്.സി**

## Demise

- 2026 ആഗസ്റ്റിൽ അന്തരിച്ച പ്രശസ്ത ആണവ ശാസ്ത്രജ്ഞൻ

  **ഡോ.എം.പി പരമേശ്വരൻ**

- 2026 ആഗസ്റ്റിൽ അന്തരിച്ച മുൻ ചൈനീസ് പ്രധാനമന്ത്രി

**ഷു റോങ്ജി**

  - ചൈനയുടെ സാമ്പത്തിക പരിഷ്കാരങ്ങൾ നയിക്കുന്നതിലും രാജ്യത്തെ ഒരു ആഗോള സാമ്പത്തിക ശക്തിയാക്കി മാറ്റുന്നതിലും പ്രധാന പങ്കുവഹിച്ച വ്യക്തിയാണ് അദ്ദേഹം
  - 1998- 2003 കാലയളവിൽ ചൈനയുടെ പ്രധാനമന്ത്രിയായിരുന്നു.

**Today's MCQ**

1. നാളികേര വികസന ബോർഡിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി (CEO) നിയമിതയായത് ആര്?

   a) ഡോളി വർഗീസ്   b) അനിത എം. കാസിം

   c) ദീപ ഡി. നായർ   d) സാവിത്രി കെ.

2. കാർഷികമേഖലയിലെ സമഗ്രസംഭാവനയ്ക്കുള്ള 2025ലെ പ്രഥമ ഉമ്മൻചാണ്ടി സ്മാരക കർഷക അവാർഡിന് അർഹനായത് ആര്?

   a) ഷാജഹാൻ വി.വൈ.   b) ചെറുവയൽ രാമൻ

   c) കെ.കെ. സേവ്യർ   d) ഹാഷിക് കെ.

**Ans : 1. (c), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
15




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 15 AUGUST 2026

## Important Days

- ഓഗസ്റ്റ് 15 - **സ്വാതന്ത്ര്യ ദിനം**
  - 2026 ഓഗസ്റ്റ് 15ന് ഇന്ത്യയുടെ 80-ാമത് സ്വാതന്ത്ര്യ ദിനം (79-ാമത് വാർഷികം)
  - 2026 - ലെ സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ ആദ്യമായി 'വന്ദേമാതരം' ആലപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## Book and Authors

- ദ ഫസ്റ്റ് സീസൺ എന്ന പുസ്തകത്തിന്റെ രചയിതാവ്

  **വിരേൻ ഡി സിൽവ**
  - 2014 - ലെ ഇന്ത്യൻ സൂപ്പർ ലീഗിന്റെ (ഐ.എസ്.എൽ.) പ്രഥമ സീസണിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ജനറൽ മാനേജറായിരുന്ന വിരേൻ ഡി സിൽവയുടെ അനുഭവങ്ങളാണ് പുസ്തകത്തിന്റെ ഉള്ളടക്കം

## National

- അടുത്തിടെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനികൾക്കായി വിദ്യാവാഹിനി പദ്ധതി ആരംഭിച്ച സർക്കാർ

  **ഡൽഹി**
  - ഡൽഹിയിലെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഒൻപതാം ക്ലാസ് വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിളുകൾ നൽകുന്ന പദ്ധതിയാണിത്
  - ഡൽഹി മുഖ്യമന്ത്രി - **രേഖ ഗുപ്ത**
- ഇന്ത്യയിലെ ആദ്യ സ്വകാര്യ ബ്രാൻഡഡ് പാസഞ്ചർ ട്രെയിൻ

  **സ്പ്രൈറ്റ് തേജസ് എക്സ്പ്രസ്സ്**
  - ലഖ്നൗവിനും ഡൽഹിക്കും ഇടയിലുള്ള തേജസ് എക്സ്പ്രസാണ് സ്പ്രൈറ്റുമായുള്ള കരാറിനെ തുടർന്ന് പേര് മാറ്റിയത്
  - ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷനാണ് (ഐ.ആർ.സി.ടി.സി.) ഈ ട്രെയിനിന്റെ നടത്തിപ്പ്
  - ടിക്കറ്റ് നിരക്ക് വർധിപ്പിക്കാതെ പരസ്യത്തിലൂടെ റെയിൽവേയ്ക്ക് അധിക വരുമാനം നേടുക എന്നതാണ് ബ്രാൻഡിംഗിന്റെ പ്രധാന ലക്ഷ്യം
- മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്

  **2026 ഓഗസ്റ്റ് 10**
  - ബിൽ അവതരിപ്പിച്ചത് - **ജി കിഷൻ റെഡ്ഡി** (കേന്ദ്ര കൽക്കരി, ഖനി മന്ത്രി)
  - ലോക്സഭാ പാസ്സാക്കിയത് - **2026 ഓഗസ്റ്റ് 12**
  - രാജ്യസഭ പാസ്സാക്കിയത് - **2026 ഓഗസ്റ്റ് 13**
  - ഈ ബിൽ പ്രകാരം സംസ്ഥാനങ്ങളുടെ പ്രകൃതിദത്ത ധാതുക്കളിൽ ഇനി കേന്ദ്രത്തിന് പൂർണ്ണ നിയന്ത്രണമുണ്ടാകും
  - അപൂർവ്വ ധാതുക്കളുടെ ശേഖരമുള്ള പ്രദേശങ്ങളിൽ ഖനനം പാട്ടത്തിന് നൽകാനുള്ള അധികാരം ഇനി കേന്ദ്ര സർക്കാരിനായിരിക്കും

- 'കേരള' എന്നതിന് പകരം 'കേരളം' എന്ന് മാറ്റാൻ വ്യവസ്ഥ ചെയ്യുന്ന ബില്ലിന് രാജ്യസഭ അംഗീകാരം നൽകി
    - ബിൽ അവതരിപ്പിച്ചത് - **നിത്യാനന്ദ റോയ്** (കേന്ദ്ര ആഭ്യന്തര സഹമന്ത്രി) 2026 ഓഗസ്റ്റ് 10ന് ലോക്സഭയിൽ അവതരിപ്പിച്ചു
    - ലോക്സഭാ പാസ്സാക്കിയത് - **2026 ഓഗസ്റ്റ് 11**
    - രാജ്യസഭ പാസ്സാക്കിയത് - **2026 ഓഗസ്റ്റ് 12**

## International

- 2026 - ൽ 100 - ാമത് ജന്മവാർഷികം ആചരിക്കപ്പെടുന്ന മുൻ ക്യൂബൻ പ്രസിഡന്റ്

  **ഫിഡൽ കാസ്ട്രോ**

    - 1926 ന് ജനിച്ചു
    - 2016 ന് അന്തരിച്ചു

## Sports

- പ്രഥമ ഫിഫ ആസിയാൻ കപ്പിന്റെ വേദി

  **ഇന്തോനേഷ്യ**

    - ഇന്ത്യ ഇതിൽ നിന്നും പിന്മാറി
    - ഈ ടൂർണമെന്റിന്റെ അതെ സമയത്താണ് ഇന്ത്യ - ബ്രസീൽ സൗഹൃദ മത്സരവും നടക്കുന്നത് അതിനാലാണ് പിന്മാറിയത്
- ടേബിൾ ടെന്നീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയെ കേന്ദ്ര കായിക മന്ത്രാലയം സസ്പെൻഡ് ചെയ്തു.
    - കൃത്യസമയത്ത് തിരഞ്ഞെടുപ്പ് നടത്തുന്നതിൽ പരാജയപ്പെട്ടതും താരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അലംഭാവം കാണിച്ചതുമാണ് നടപടിക്ക് പിന്നിൽ.
    - സമിതിയുടെ പ്രവർത്തനങ്ങൾ താത്കാലികമായി നിയന്ത്രിക്കുന്നതിനായി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപവത്കരിക്കാൻ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനോട് മന്ത്രാലയം നിർദ്ദേശിച്ചു.
- 2026 പുരുഷ-വനിതാ ലോകകപ്പ് ഹോക്കി ടൂർണമെന്റ് വേദി

  **ബെൽജിയം, നെതർലൻഡ്**

    - 2026 ലോകകപ്പിനുള്ള ഇന്ത്യൻ പുരുഷ ടീമിനെ നയിക്കുന്നത് - **ഹർമൻപ്രീത് സിംഗ്**
    - 2026 ലോകകപ്പിനുള്ള ഇന്ത്യൻ വനിതാ ടീമിനെ നയിക്കുന്നത് - **സലീമ ടെറ്റെ**
    - 2023 പുരുഷ ഹോക്കി ലോകകപ്പ് വേദി - **ഒഡീഷ** (ജേതാക്കൾ - ജർമനി)
    - 2022 വനിത ഹോക്കി ലോകകപ്പ് വേദി - **സ്പെയിൻ, നെതർലാൻഡ്**
      (ജേതാക്കൾ - നെതർലാൻഡ്)
    - ഇന്ത്യൻ പുരുഷ ഹോക്കി ടീം ആദ്യമായും അവസാനമായും ലോകകപ്പ് നേടിയത് 1975ലാണ്
    - ഇന്ത്യൻ വനിതാ ടീമിന് ഇതുവരെ ലോകകപ്പ് കിരീടം നേടാൻ കഴിഞ്ഞിട്ടില്ല

## Demise

- 2026 ഓഗസ്റ്റിൽ അന്തരിച്ച മുൻ ദേശീയ ഫുട്ബോൾ താരം

  **അസീം കൊറാളിയാടൻ**

    - 2010-ൽ മഹാരാഷ്ട്രയ്ക്കുവേണ്ടിയും 2013-ൽ തമിഴ്നാടിനുവേണ്ടിയും സന്തോഷ് ട്രോഫി കളിച്ചു

- 2026 ഓഗസ്റ്റിൽ അന്തരിച്ച മുൻ പ്യൂർട്ടോ റിക്കൻ ബോക്സിങ് താരം

**പ്രിച്ചാർഡ് കോളൻ**

  - 2015 ഒക്ടോബറിൽ ടെറൽ വില്യംസുമായുള്ള മത്സരത്തിനിടയിൽ തലയുടെ പിൻഭാഗത്ത് നിയമ വിരുദ്ധമായി ഇടിയേറ്റതിനെ തുടർന്ന് കോമയിലായിരുന്നു
  - ബോധം തിരിച്ചുകിട്ടിയെങ്കിലും സംസാരിക്കാൻ പോലും കഴിയാത്ത അവസ്ഥയിലായ കോളൻ പിന്നീട് കമ്പ്യൂട്ടറിന്റെ സഹായത്തോടെയാണ് ആശയവിനിമയം നടത്തിയിരുന്നത്

**<u>Today's MCQ</u>**

1. 2026 ഓഗസ്റ്റിൽ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയായി നിയമിതയായത് ആര്?

   a) അനിതാ സിംഗ് | b) ദീപ്തി ഗൗർ മുഖർജി
   
   c) ശ്വേതാ ഗുപ്ത | d) നമിതാ ശർമ്മ

2. ഹംഗറിയുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ആര്?

   a) വിക്ടർ ഓർബൻ | b) പീറ്റർ മഗ്യാർ
   
   c) ആൻഡ്രാസ് ബക്ക | d) ലാസ്‌ലോ സോളിയോം

**Ans : 1. (b), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
16-18



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 16 - 18 AUGUST 2026

## Appointment

- പുതിയ സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർ

  **ഡോ. ഡി. സജിത് ബാബു**

  - കൗശികൻ കേന്ദ്ര ഡെപ്യൂട്ടേഷനിലേക്ക് പോയതോടെയാണ് പുതിയ നിയമനം

## Award

- 2026 സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ശൗര്യ ചക്ര ലഭിച്ച മലയാളി

  **മേജർ തരുൺ വാസുദേവൻ**

  - 19 പേർക്കാണ് ശൗര്യചക്ര ലഭിച്ചത്
  - രാജ്യത്തെ രണ്ടാമത്തെ ഏറ്റവും ഉയർന്ന സമാധാനകാല വീരതാ പുരസ്കാരമായ കീർത്തി ചക്ര 9 പേർക്ക് ലഭിച്ചു.

## Kerala

- ആശ്വാസകിരണം പദ്ധതിയുടെ പ്രതിമാസ ധനസഹായം

  **1000 രൂപ** (മുൻപ് 600 രൂപയായിരുന്നു)

  - കിടപ്പുരോഗികളെയും ഭിന്നശേഷിക്കാരെയും പരിചരിക്കുന്നവർക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ആശ്വാസകിരണം
  - സംസ്ഥാന സാമൂഹിക നീതി വകുപ്പ് മന്ത്രി - **വി. ഇ. അബ്ദുൾ ഗഫൂർ**

- കേരളത്തിൽ പുതിയ കേന്ദ്ര ഫോറൻസിക് സയൻസ് ലബോറട്ടറി സ്ഥാപിതമാകുന്നത്

  **തിരുവനന്തപുരം**

  - ദേശീയ ഫൊറൻസിക് അടിസ്ഥാനസൗകര്യ വികസന പദ്ധതിയുടെ ഭാഗമായിട്ടാണിത്.
  - പുതിയ ക്രിമിനൽ നിയമപ്രകാരം ഏഴു വർഷത്തിലധികം ശിക്ഷ ലഭിക്കുന്ന കേസുകളിൽ ശാസ്ത്രീയ പരിശോധനാ റിപ്പോർട്ട് വേണം.
  - മയക്കുമരുന്നടക്കമുള്ള ക്രിമിനൽ കേസുകളിൽ ശാസ്ത്രീയ പരിശോധനാ റിപ്പോർട്ട് വേഗം ലഭ്യമാക്കാൻ ഇതിലൂടെ കഴിയും

- സർക്കാർ സംവിധാനങ്ങളുടെ സുരക്ഷയ്ക്കായി സിഡിറ്റ് (C-DIT) **പരിച** സൈബർ സെക്യൂരിറ്റി ലാബ് ആരംഭിച്ചു.

  - തിരുവനന്തപുരത്താണ് (പട്ടം) സ്ഥിതി ചെയ്യുന്നത്.
  - സിഡിറ്റ് പുതുതായി രൂപകൽപ്പന ചെയ്ത മലയാളം ഫോണ്ടായ അരളിയും ഔദ്യോഗികമായി പ്രകാശനം ചെയ്തു.

- സുഗന്ധഗിരി ഗോത്ര വർഗ സ്വാതന്ത്ര്യ സമര സേനാനി മ്യൂസിയത്തിന്റെ (വയനാട്) ആദ്യഘട്ടം നവംബറിൽ പ്രവർത്തന സജ്ജമാകും

## National

- 2027-ലെ സെൻസസിന്റെ രണ്ടാം ഘട്ടത്തിനായുള്ള 40 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ചെയ്തു.
  - പട്ടികജാതി/പട്ടികവർഗ്ഗ (SC/ST) വിഭാഗങ്ങൾക്ക് പുറമെ മറ്റ് ജനവിഭാഗങ്ങളുടെ ജാതി വിവരങ്ങൾ കൂടി ഈ സെൻസസിൽ ശേഖരിക്കും അതിനുള്ള ചോദ്യം ഈ ചോദ്യാവലിയിൽ ഉൾപ്പെടുത്തി (10-ാമത്തെ ചോദ്യം)
  - നിലവിലെ ഇന്ത്യയുടെ രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ

    **മൃത്യുഞ്ജയ് കുമാർ നാരായൺ**
  - ഇന്ത്യയിൽ സെൻസസ് നടപടികൾ നിയന്ത്രിക്കുന്നതിനുള്ള നിയമം **- 1948ലെ സെൻസസ് ആക്ട്**
  - ഇന്ത്യയുടെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സെൻസസാണ് 2027ൽ നടക്കുന്നത്
  - 2027ലെ സെൻസസിന്റെ ഭാഗ്യ ചിഹ്നങ്ങൾ **- പ്രഗതി, വികാസ്**
  - 2027 സെൻസസ് നടപടികൾ എളുപ്പമാക്കുന്നതിനായി പുറത്തിറക്കിയ ദേശീയ ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പർ **- 1855**
  - 2027ൽ നടക്കുന്ന സെൻസസിന്റെ ബ്രാൻഡ് അംബാസഡറായി നിയമിതനായത്

    **സുദർശൻ പട്നായിക്**
- അടുത്തിടെ 'പരീച്ഛ തടയണയ്ക്ക്' ഇന്റർനാഷണൽ കമ്മീഷൻ ഓൺ ഇറിഗേഷൻ ആൻഡ് ഡ്രെയിനേജിന്റെ (ICID) ലോക പൈതൃക ജലസേചന നിർമ്മിതി (വേൾഡ് ഹെറിറ്റേജ് ഇറിഗേഷൻ സ്ട്രക്ചർ) പദവി ലഭിച്ചു
  - ഉത്തർപ്രദേശിലെ ഝാൻസിയിലുള്ള പരീച്ഛ തടയണ ബേത്വ നദിക്ക് കുറുകെയാണ് സ്ഥിതി ചെയ്യുന്നത്
  - ഇതിന് ഏകദേശം 140 വർഷം പഴക്കമുണ്ട്
  - യമുനയുടെ പോഷക നദിയാണ് ബേത്വ
- **80 -ാം സ്വാതന്ത്ര്യദിനം - പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രധാന പ്രഖ്യാപനങ്ങൾ**
  - മത്സര പരീക്ഷകൾക്ക് സൗജന്യ ഓൺലൈൻ കോച്ചിംഗ് ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു.
  - കായികരംഗത്തെ മികച്ച പ്രതിഭകളെ കണ്ടെത്തുന്നതിനായി വലിയ തോതിൽ **'Sports Talent Hunt'** പദ്ധതി ആരംഭിക്കും.
  - യുവജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി **Civil Defence Volunteer Force** (സിവിൽ ഡിഫൻസ് സന്നദ്ധസേന) രൂപീകരിക്കും.
  - 2047ഓടെ ഇന്ത്യയെ പൂർണ്ണ വികസിത രാജ്യമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 7 പ്രധാന മേഖലകളെ അടിസ്ഥാനമാക്കിയുള്ള **'സപ്തധാര'** എന്ന കർമ്മപദ്ധതി പ്രഖ്യാപിച്ചു.
  - സപ്തധാരയിലെ 7 മേഖലകൾ **- ഉത്പാദനം, കൃഷി - ഭക്ഷ്യസംസ്കരണം, സാങ്കേതികവിദ്യ, ഗതി ശക്തി, പ്രതിരോധം, ഗ്രീൻ-ബ്ലൂ ഇക്കണോമികൾ, സോഫ്റ്റ് പവർ**
  - രാജ്യത്ത് 8 അത്യാധുനിക സെമികണ്ടക്ടർ നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചു.
  - 2047ഓടെ ഇന്ത്യയുടെ ആണവോർജ്ജ ശേഷി 100 ജിഗാവാട്ടായി ഉയർത്തുക എന്ന ലക്ഷ്യം പ്രഖ്യാപിച്ചു.

TALENT PSC Academy a Veranda Enterprise

## Sports

- 2026 ഓഗസ്റ്റിൽ ശ്രീലങ്കയ്ക്കെതിരെയുള്ള ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തോടെ ഇന്ത്യ 600 ടെസ്റ്റ് മത്സരങ്ങൾ കളിച്ച രാജ്യം എന്ന നേട്ടത്തിലെത്തി.
  - ആദ്യ ടെസ്റ്റ് 1932 ന് ഇംഗ്ലണ്ടിനെതിരെ (ക്യാപ്റ്റൻ - **സി. കെ. നായിഡു**)
  - ഇന്ത്യ ആദ്യമായി ടെസ്റ്റ് വിജയിച്ചത് 1952ൽ ഇംഗ്ലണ്ടിനെതിരെ (ക്യാപ്റ്റൻ - **വിജയ് ഹസാരെ**)
  - ടെസ്റ്റിൽ കൂടുതൽ റൺസ് നേടിയ ഇന്ത്യൻ താരം - **സച്ചിൻ തെണ്ടുൽക്കർ**
  - ടെസ്റ്റിൽ കൂടുതൽ വിക്കറ്റ് നേടിയ ഇന്ത്യൻ താരം - **അനിൽ കുംബ്ലെ**
- 2026 - ലെ കോമൺവെൽത്ത് ഫെൻസിങ് ചാമ്പ്യൻഷിപ്പിന്റെ വേദി

  **ലാഗോസ്** (നൈജീരിയ)
  - കിരീടം നേടിയത് - **ഇന്ത്യ**
  - 35 മെഡലുകൾ (13 സ്വർണം, 8 വെള്ളി, 14 വെങ്കലം) നേടിയാണ് കോമൺവെൽത്ത് ഫെൻസിങ് ഓവറോൾ കിരീടം ഇന്ത്യ നേടിയത്

## Demise

- 2026 ഓഗസ്റ്റിൽ അന്തരിച്ച ബംഗാളി സംവിധായകൻ

  **രാജ സെൻ**
  - 3 ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ നേടി

## Today's MCQ

1. 'ദ ഫസ്റ്റ് സീസൺ' എന്ന പുസ്തകത്തിന്റെ രചയിതാവ് ആര്?

   a) സുനിൽ ഛേത്രി　　b) വിരേൻ ഡി സിൽവ

   c) ഹർമൻപ്രീത് സിംഗ്　　d) ആശിഷ് യാദവ്

2. ഡൽഹി സർക്കാർ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനികൾക്കായി ആരംഭിച്ച 'വിദ്യാവാഹിനി' പദ്ധതി യുടെ പ്രധാന ലക്ഷ്യം എന്താണ്?

   a) സൗജന്യ ലാപ്ടോപ്പ് നൽകുക　　b) സൗജന്യ യൂണിഫോം നൽകുക

   c) സൗജന്യ സൈക്കിൾ നൽകുക　　d) പ്രതിമാസ ധനസഹായം നൽകുക

   **Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
19





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Award

- 2026 ആഗസ്റ്റിൽ ഓണററി ജനറൽ ഓഫ് നേപ്പാളി ആർമി പദവി നൽകി ആദരിക്കപ്പെട്ട ഇന്ത്യൻ കരസേനാ മേധാവി

  **ധീരജ് സേത്ത്**

  - നേപ്പാൾ പ്രസിഡന്റ് - **രാം ചന്ദ്ര പൗഡൽ**

## Kerala

- കൃഷിയിലെ സ്ത്രീകളുടെ പങ്കാളിത്തം അംഗീകരിക്കുകയും അവരുടെ കാർഷിക ഉത്പാദനശേഷി വർധിപ്പിക്കാനുമായി കേരളസർക്കാർ ആരംഭിച്ച പദ്ധതി

  **കൃഷിസഖി**

  - വനിതാകർഷകർക്കും കാർഷികസംരംഭകർക്കുംവേണ്ട പ്രത്യേക പരിശീലനങ്ങളും വനിതാ കർഷക കൂട്ടായ്മകൾക്കുള്ള പ്രത്യേക സഹായങ്ങളും ഉണ്ടാകും.
  - 2026 അന്താരാഷ്ട്ര വനിതാ കർഷക വർഷമായി ആചരിക്കുന്നു.
  - കൃഷി മന്ത്രി - **ടി. സിദ്ദിഖ്**

## National

- മുതിർന്ന പൗരരുടെയും മാതാപിതാക്കളുടെയും സംരക്ഷണം ഉറപ്പാക്കാൻ ആവശ്യമെങ്കിൽ മക്കളെ സ്വത്തിൽ നിന്ന് ഒഴിപ്പിക്കാൻ വയോജന ട്രൈബ്യൂണലുകൾക്ക് അധികാരമുണ്ടെന്ന് വിധി പ്രസ്താവിച്ച കോടതി

  **സുപ്രീം കോടതി**

  - ഉത്തർപ്രദേശിൽ എൺപത്തിയൊന്നുകാരിയായ അമ്മയെ സംരക്ഷിക്കാൻ രവികാന്ത് ഗുപ്ത എന്നയാൾ സ്വന്തം മകനുമായി നടത്തിയ നിയമപോരാട്ടത്തിലാണ് കോടതി ഇങ്ങനെ വിധി പ്രസ്താവിച്ചത്

- രാജ്യത്തെ ആദ്യത്തെ വെർച്വൽ മൃഗശാല ആരംഭിച്ചത്

  **ഇൻഡോർ** (മധ്യപ്രദേശ്)

  - മൃഗശാലയിൽ 14ഡി സിനിമാ തിയേറ്ററും വെർച്വൽ ജംഗിൾ സഫാരിയും സജ്ജമാക്കിയിട്ടുണ്ട്.
  - മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് ഉദ്ഘാടനം ചെയ്തു

- ടീസ്റ്റ ബാരേജ് പ്രൊജക്റ്റ് സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **പശ്ചിമ ബംഗാൾ**

  - ടീസ്റ്റ ബാരേജ് പദ്ധതിയുടെ (ടി.ബി.പി.) പുനഃസ്ഥാപനവും ഭാവി മാനേജ്മെന്റും പരിശോധിക്കുന്നതിനായി ഇന്ത്യ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചു.
  - ടീസ്റ്റ നദിക്കായുള്ള ബംഗ്ലാദേശിന്റെ പദ്ധതികളിൽ ചൈനയുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ നീക്കം.
  - നദീതടത്തിന്റെ നിലവിലെ ജലവിനിയോഗം, ഭാവിയിലെ ആവശ്യം, മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം എന്നിവ പാനൽ വിലയിരുത്തും.
  - ബ്രഹ്മപുത്ര നദിയുടെ പോഷകനദിയാണ് ടീസ്റ്റ

## International

- ഫ്രാൻസിൽ 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ സോഷ്യൽ മീഡിയ വിലക്ക് ഭരണഘടനാ കൗൺസിൽ റദ്ദാക്കി
    - പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ സർക്കാരിന്റെ പ്രധാന നയങ്ങളിലൊന്നായി കൊണ്ടുവന്ന ഈ നിയമം പൗരന്മാരുടെ അഭിപ്രായസ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണെന്ന് ചൂണ്ടിക്കാട്ടിയാണ് കൗൺസിലിന്റെ സുപ്രധാന വിധി.

## Science and Technology

- അടുത്തിടെ സൈലന്റ്‌വാലിയിലെ കുന്തിപ്പുഴയിൽ നിന്ന് കണ്ടെത്തിയ സസ്യം

  **ലാഗനാന്ദ്ര ഡോമിനിസി**

## Defence

- MAITREE 2026 ന്റെ വേദി

  **തായ്‌ലൻഡ്**

    - ഇന്ത്യ-തായ്‌ലൻഡ് സംയുക്ത സൈനികാഭ്യാസത്തിന്റെ 15-ാമത് പതിപ്പാണ് 2026 ൽ നടക്കുന്നത്

## Sports

- യൂറോപ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് 2026 പുരുഷ പോൾവോൾട്ടിൽ സ്വർണ്ണ മെഡൽ നേടിയത്

  **അർമാൻഡ് ഡുപ്ലന്റിസ്**

    - 6.15 മീറ്റർ ചാടിയാണ് സ്വർണ മെഡൽ നേടിയത്
    - തുടർച്ചയായ നാലാം തവണയാണ് സ്വർണം നേടുന്നത്

## Demise

- 2026 ആഗസ്റ്റിൽ അന്തരിച്ച അമേരിക്കൻ നടിയും ഗായികയുമായ വ്യക്തി

  **Hayden Panettiere**

- 2026 ആഗസ്റ്റിൽ അന്തരിച്ച ഇന്ത്യൻ ചരിത്രകാരൻ

  **സുമിത് സർക്കാർ**

    - പ്രധാന രചനകൾ - **മോഡേൺ ഇന്ത്യ (1885-1947), ദി സ്വദേശി മൂവ്മെന്റ് ഇൻ ബംഗാൾ, റൈറ്റിങ് സോഷ്യൽ ഹിസ്റ്ററി**

## Today's MCQ

1. കേരളത്തിന്റെ പുതിയ സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറായി നിയമിതനായത് ആര്?

   a) കൗശികൻ　　b) മൃത്യുഞ്ജയ് കുമാർ നാരായൺ

   c) ഡോ. ഡി. സജിത് ബാബു　　d) എ ഷാജഹാൻ

2. ആശ്വാസകിരണം പദ്ധതിയുടെ പ്രതിമാസ ധനസഹായം എത്ര രൂപയായി വർധിപ്പിച്ചു?

   a) ₹1,000　　b) ₹600

   c) ₹800　　d) ₹1,500

   **Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
20-21




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT PSC Academy
a Veranda Enterprise
AMMU'S COMPLEX, OPPOSITE ARIES PLEX THEATRE, THIRUVANANTHAPURAM
8590 575 713

## Awards

**ദേശീയ കായിക പുരസ്കാരങ്ങൾ 2025** (2026-ൽ പ്രഖ്യാപിച്ചു)

- പുരസ്കാര നിർണയ സമിതിയുടെ അധ്യക്ഷൻ

  **ജസ്റ്റിസ് (റിട്ട.) അരുൺ കുമാർ മിശ്ര** (സുപ്രീം കോടതി മുൻ ജഡ്ജി)

**അർജുന അവാർഡ്**

- 17 കായികതാരങ്ങൾ 2025-ലെ അർജുന പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടു.
  - **തേജസ്വിൻ ശങ്കർ** - അത്‌ലറ്റിക്സ്
  - **മുഹമ്മദ് അജ്മൽ വി** - അത്‌ലറ്റിക്സ്
  - **പ്രിയങ്ക ഗോസ്വാമി** - അത്‌ലറ്റിക്സ്
  - **ട്രീസ ജോളി** - ബാഡ്മിന്റൺ
  - **പുല്ലേല ഗായത്രി ഗോപിചന്ദ്** - ബാഡ്മിന്റൺ
  - **നരേന്ദർ** - ബോക്സിംഗ്
  - **വിദിത് സന്തോഷ് ഗുജറാത്തി** - ചെസ്
  - **ദിവ്യ ജിതേന്ദ്ര ദേശ്മുഖ്** - ചെസ്
  - **ധനുഷ് ശ്രീകാന്ത്** - ബധിര ഷൂട്ടിംഗ് (Deaf Shooting)
  - **ലാൽറെംസിയാമി** - ഹോക്കി
  - **രാജ്കുമാർ പാൽ** - ഹോക്കി
  - **സുർജീത്** - കബഡി
  - **പൂജ** - കബഡി
  - **രുദ്രാൻഷ് ഖണ്ഡേൽവാൾ** - പാരാ ഷൂട്ടിംഗ്
  - **ഏക്ത ഭ്യാൻ** - പാരാ അത്‌ലറ്റിക്സ്
  - **അർവിന്ദ് സിംഗ്** - റോയിംഗ്
  - **അഖിൽ ഷിയോറാൻ** - ഷൂട്ടിംഗ്
  - കഴിഞ്ഞ നാല് വർഷത്തെ മികച്ച പ്രകടനവും നേതൃത്വഗുണം, കായികക്ഷമത, അച്ചടക്കം എന്നിവയും അടിസ്ഥാനമാക്കിയാണ് അർജുന അവാർഡ് നൽകുന്നത്.

**അർജുന അവാർഡ് (ലൈഫ്ടൈം)**

- **ഐ. അരുമൈനായഗം** - ഫുട്ബോൾ
- സജീവ കായികജീവിതത്തിന് ശേഷവും കായികരംഗത്തിന്റെ പ്രോത്സാഹനത്തിനും വികസനത്തിനും സംഭാവന ചെയ്യുന്ന കായികതാരങ്ങളെ ആദരിക്കുന്നതിനാണ് അർജുന അവാർഡ് (ലൈഫ്ടൈം).

**ദ്രോണാചാര്യ പുരസ്കാരം**

**Regular Category:**

- **പർവീർ സിംഗ്** - അത്‌ലറ്റിക്സ്
- **ഛോട്ടേ ലാൽ യാദവ്** - ബോക്സിംഗ്
- **നേഹ നന്ദകുമാർ ചവാൻ** - ഷൂട്ടിംഗ്

**Lifetime Category:**

- **ധർമേന്ദ്ര സിംഗ് യാദവ്** - ബോക്സിംഗ്
- **വീരേന്ദർ കുമാർ** - ഗുസ്തി
- അന്താരാഷ്ട്ര മത്സരങ്ങളിൽ കായികതാരങ്ങളെ മികവിലേക്ക് നയിക്കുന്ന മികച്ച പരിശീലകരുടെ സംഭാവനകൾക്കാണ് ദ്രോണാചാര്യ പുരസ്കാരം നൽകുന്നത്

**രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ പുരസ്കാരം**

- **Army Paralympic Node, Pune**
- കായികരംഗത്തിന്റെ പ്രോത്സാഹനത്തിനും വികസനത്തിനും ശ്രദ്ധേയമായ സംഭാവന നൽകുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും NGO കൾക്കും ഈ പുരസ്കാരം നൽകുന്നു.
- രാജ്യത്തെ പരമോന്നത കായിക പുരസ്കാരമായ മേജർ ധ്യാൻചന്ദ് ഖേൽരത്ന അവാർഡിന് ആരെയും തിരഞ്ഞെടുത്തിട്ടില്ല.

## Book & Author

- 2026 നവംബറിൽ പുറത്തിറങ്ങുന്ന സോണിയ ഗാന്ധിയുടെ ഓർമ്മക്കുറിപ്പുകൾ

**ബിലോങ്ങിങ്: എ ജേർണി ഓഫ് ലവ്** (Belonging: A Journey of Love)

- ഏറ്റവും കൂടുതൽ കാലം INC പ്രസിഡന്റ് പദവി വഹിച്ചത് സോണിയ ഗാന്ധിയാണ്

## Appointment

- 2026 ഓഗസ്റ്റിൽ പാലാ നഗരസഭ അധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ടത്

**മായാ രാഹുൽ**

- ദിയ ബിനു പുളിക്കക്കണ്ടം അവിശ്വാസ പ്രമേയത്തിലൂടെ പുറത്തായതിനു പിന്നാലെയാണ് പുതിയ ചെയർപേഴ്സണെ തിരഞ്ഞെടുത്തത്

## Kerala

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സമ്പൂർണ കയറ്റുമതി - ഇറക്കുമതി (EXIM) പ്രവർത്തനങ്ങൾക്ക് തുടക്കം
  - 2026 ഓഗസ്റ്റ് 18 നാണ് തുടക്കം കുറിച്ചത്
  - ഇതിനൊപ്പം കേരളത്തെ തുറമുഖ നഗരമാക്കുന്ന മിഷൻ സമുദ്രയ്ക്ക് തുടക്കം കുറിച്ചു
  - കേരളത്തിലെ രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങളും ഒരു കണ്ടെയ്നർ സ്റ്റേഷനും 18 മിനി തുറമുഖങ്ങളും സംയോജിപ്പിച്ച് സംസ്ഥാനത്തെ ഒരു തുറമുഖ നഗരമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് 'മിഷൻ സമുദ്ര'.
- അടുത്തിടെ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ (ICAR-NBAGR) ദേശീയ അംഗീകാരം ലഭിച്ച കേരളത്തിലെ തദ്ദേശീയ പശു വർഗ്ഗം

**പെരിയാർ പശു**

- പെരിയാർ കുള്ളൻ, കുട്ടമ്പുഴ പശു എന്നീ പ്രാദേശിക പേരുകളിലും ഇവ അറിയപ്പെടുന്നു.
- പെരിയാർ പുഴയുടെ കോടനാട് മുതൽ കുട്ടമ്പുഴ വരെയുള്ള പ്രദേശങ്ങളിലും അതിരപ്പിള്ളി മേഖലയിലും കാണപ്പെടുന്ന പശുവിനമാണിത്
- വെച്ചൂർ പശുവിന് ശേഷം കേരളത്തിൽ നിന്ന് ദേശീയ അംഗീകാരം ലഭിച്ച പശുവിനമാണിത്

- എ ഐ കിഡ് ഓഫ് ഇന്ത്യ എന്ന് അറിയപ്പെടുന്ന മലയാളി വിദ്യാർത്ഥി

**റൗൾ ജോൺ അജു**

- പത്തനംതിട്ട സ്വദേശിയായ പതിനാറുകാരൻ ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് എ.ഐ പരിശീലനം നൽകുന്ന 'തിങ്ക്ക്രാഫ്റ്റ് അക്കാദമി' സ്ഥാപിച്ചാണ് ആഗോളതലത്തിൽ ശ്രദ്ധേയനായത്.

## National

- 'കേരള' എന്നതിന് പകരം 'കേരളം' എന്ന് മാറ്റാൻ വ്യവസ്ഥ ചെയ്യുന്ന ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകി
  - ബില്ല് അവതരിപ്പിച്ചത് - **നിത്യാനന്ദ റോയ്** (കേന്ദ്ര ആഭ്യന്തര സഹമന്ത്രി) 2026 ഓഗസ്റ്റ് 10ന് ലോക്സഭയിൽ അവതരിപ്പിച്ചു
  - ലോക്സഭാ പാസ്സാക്കിയത് - **2026 ഓഗസ്റ്റ് 11**
  - രാജ്യസഭ പാസ്സാക്കിയത് - **2026 ഓഗസ്റ്റ് 12**
  - ബില്ല് രാഷ്ട്രപതി ഒപ്പ് വച്ചത് - **2026 ഓഗസ്റ്റ് 14**
- അടുത്തിടെ സന്ധ്യ കിരൺ എന്ന പദ്ധതി ആരംഭിച്ച സംസ്ഥാനം

**കർണാടക**

  - 70 വയസ്സിന് താഴെയുള്ള സംസ്ഥാന സർക്കാർ പെൻഷൻകാർ, കുടുംബ പെൻഷൻകാർ, അർഹരായ ആശ്രിത കുടുംബാംഗങ്ങൾ എന്നിവർക്കുള്ള ആരോഗ്യ പരിരക്ഷയാണ് പദ്ധതി ലക്ഷ്യമിടുന്നത്
  - ഓരോ കുടുംബത്തിനും പ്രതിവർഷം പരമാവധി ₹5 ലക്ഷം വരെ ക്യാഷ്ലെസ് ചികിത്സാ പരിരക്ഷ ലഭിക്കും.
- രാജ്യത്ത് വന - വൃക്ഷ വിസ്തൃതി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2014 ൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ പദ്ധതി

**ഗ്രീൻ ഇന്ത്യ മിഷൻ**

  - എന്നാൽ ഈ പദ്ധതി പരാജയപ്പെട്ടു എന്ന് അടുത്തിടെ പുറത്തു വന്ന റിപ്പോർട്ടുകൾ പറയുന്നു
- പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം നഗരങ്ങളിലെ ദുരന്തങ്ങളെ നേരിടുന്നതിനായി 'അർബൻ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി' രൂപീകരിച്ച രാജ്യത്തെ ഏക സംസ്ഥാനം

**കർണാടക**

## International

**നോർതേൺ സീ റൂട്ട് (NSR)**

- ഇസ്രായേൽ-യു.എസ് സംയുക്ത ആക്രമണങ്ങൾക്ക് പിന്നാലെ ഹോർമുസ് കടലിടുക്ക് അടച്ചിടുകയും, യെമനിലെ ഹൂതികൾ ചെങ്കടലിൽ കപ്പലുകൾക്ക് നേരെ ആക്രമണങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തതോടെ നിലവിലെ സമുദ്രപാതകൾ സുരക്ഷിതമല്ലാതായി.
- ഇതിന് ബദലായാണ് നോർത്തേൺ സീ റൂട്ടിന് ആഗോളതലത്തിൽ കൂടുതൽ പ്രാധാന്യം ലഭിക്കുന്നത്.
- നോർതേൺ സീ റൂട്ട് ആർട്ടിക് സമുദ്രത്തിലൂടെ യൂറോപ്പിനെയും ഏഷ്യയെയും ബന്ധിപ്പിക്കുന്ന സമുദ്രപാതയാണ്.
- സൂയസ് കനാൽ വഴിയുള്ള പാതയേക്കാൾ NSR വഴി ചരക്കുകൾ എത്തിക്കാൻ ഇന്ത്യ, ജപ്പാൻ, ദക്ഷിണ കൊറിയ, ചൈന എന്നിവ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

- NSR വഴി ചരക്കുഗതാഗതത്തിന് സമയലാഭവും ദൂരലാഭവും ലഭിക്കുമെന്നതാണ് പ്രധാന ആകർഷണം.
- ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് 2017 മുതൽ റഷ്യയുമായി ചേർന്ന് NSRനെ 'പോളാർ സിൽക്ക് റോഡ്' ആയി വികസിപ്പിക്കാനുള്ള പദ്ധതി മുന്നോട്ടുവയ്ക്കുന്നു.
- NSR ന്റെ ദൂരം - ഏകദേശം 5,600 കിലോമീറ്റർ.
- ആർട്ടിക്കിലെ ഐസ് ഉരുകുന്ന സമയത്ത് മാത്രമേ NSR പൂർണമായി ഉപയോഗിക്കാൻ കഴിയൂ.
- റഷ്യൻ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആണവോർജ കോർപ്പറേഷനായ റോസാറ്റം (Rosatom) ആണ് മഞ്ഞുപാളികൾക്കിടയിലൂടെ കപ്പലുകൾക്ക് സഞ്ചരിക്കാൻ ആവശ്യമായ ഐസ് ബ്രേക്കർ സംവിധാനം ഒരുക്കുന്നത്.
- ആർട്ടിക്കിലൂടെയുള്ള ഗതാഗതം വലിയ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് കാരണമാകാം.
- എണ്ണച്ചോർച്ചയുണ്ടായാൽ വൃത്തിയാക്കുക ബുദ്ധിമുട്ടായിരിക്കും.

## Sports

- അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ 100 സിക്സറുകൾ നേടിയ ആദ്യ ഇന്ത്യൻ താരം

  **ഋഷഭ് പന്ത്**

  - അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ 100 സിക്സറുകൾ നേടുന്ന നാലാമത്തെ താരമാണ്
  - അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ കൂടുതൽ സിക്സറുകൾ നേടിയത് - **ബെൻ സ്റ്റോക്സ്**

- 2026 ഇ സ്പോർട്സ് വേൾഡ് കപ്പ് ചെസ്സ് കിരീടം നേടിയത്

  **മാഗ്നസ് കാൾസൺ (നോർവേ)**

  - തുടർച്ചയായ രണ്ടാം കിരീടം
  - വേദി - **പാരീസ്**
  - 2025 വേദി - **റിയാദ്, സൗദി അറേബ്യ**

## Today's MCQ

1. 2026 ഓഗസ്റ്റിൽ നേപ്പാൾ ആർമി 'ഓണററി ജനറൽ' പദവി നൽകി ആദരിച്ച ഇന്ത്യൻ കരസേനാ മേധാവി ആര്?

   a) മനോജ് പാണ്ഡെ　　b) ധീരജ് സേത്ത്

   c) ഉപേന്ദ്ര ദ്വിവേദി　　d) അനിൽ ചൗഹാൻ

2. കൃഷിയിൽ സ്ത്രീകളുടെ പങ്കാളിത്തം അംഗീകരിക്കാനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുമായി കേരള സർക്കാർ ആരംഭിച്ച പദ്ധതി ഏത്?

   a) സുഭിക്ഷ കേരളം　　b) കൃഷിദർശൻ

   c) കൃഷിസഖി　　d) ഹരിതകേരളം

**Ans : 1. (b), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
22



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 22 AUGUST 2026

## Appointment

- 2026 ആഗസ്റ്റിൽ ആർ.ബി.ഐ. സെൻട്രൽ ബോർഡിലെ പാർട്ട് ടൈം, നോൺ ഒഫീഷ്യൽ ഡയറക്ടറായി നിയമിതനായ മുൻ ISRO ചെയർമാൻ

  **എസ്. സോമനാഥ്**

  - നാല് വർഷത്തേക്കാണ് നിയമനം

- 2026 ആഗസ്റ്റിൽ ബംഗ്ലാദേശ് പ്രസിഡന്റായി നിയമിതനായത്

  **മിർസ ഫക്രുൽ ഇസ്ലാം ആലംഗീർ** (23-ാമത് )

  - ഭരണകക്ഷിയായ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടിയുടെ (ബിഎൻപി) മുതിർന്ന നേതാവാണ് അദ്ദേഹം
  - 35 വർഷങ്ങൾക്ക് ശേഷമാണ് രാജ്യത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് നടന്നത്.
  - ഭരണാധികാരമില്ലെങ്കിലും ബംഗ്ലാദേശിൽ പ്രസിഡന്റ് രാഷ്ട്രത്തലവനും സായുധസേനയുടെ സർവ സൈന്യാധിപനുമാണ്.
  - അടുത്തിടെ രാജി വെച്ച ബംഗ്ലാദേശ് പ്രസിഡന്റ് – **മുഹമ്മദ് ഷഹാബുദ്ദീൻ**

- 2026 ആഗസ്റ്റിൽ സാംബിയ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത്

  **Hakainde Hichilema**

- നീറ്റ് പ്രതിഷേധത്തിനിടയിലെ പോലീസ് അതിക്രമങ്ങൾ അന്വേഷിക്കാൻ സുപ്രീം കോടതി രൂപീകരിച്ച അഞ്ചംഗ സമിതിയുടെ തലവൻ

  **ജസ്റ്റിസ് ആർ. സുഭാഷ് റെഡ്ഡി**

  - മുൻ സുപ്രീം കോടതി ജഡ്ജിയാണ് അദ്ദേഹം

## Book and Author

- ശ്രീനാരായണ ഗുരുവിന്റെ ദൈവദശകം കൊങ്കണി ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയത്

  **ആർ. എസ്. ഭാസ്കർ**

  - കൊങ്കണി മാന്യതാ ദിവസ് ആയി ആഘോഷിക്കുന്നത് – **ആഗസ്റ്റ് 20**

- 'ദണ്ഡിയാത്രയിലെ മലയാളി സത്യാഗ്രഹികൾ' എന്ന പുസ്തകത്തിന്റെ രചയിതാവ്

  **ടോം മേലുകാവ്**

  - ദണ്ഡിയാത്രയിൽ പങ്കെടുത്ത മലയാളികളുടെ ചരിത്രമാണ് ബുക്കിൽ പറയുന്നത്

## National

- 2026 ഓഗസ്റ്റിൽ ഇന്ത്യ ആദ്യത്തെ 'ഗൈഡ് ടു ഗ്രാസ്ലാൻഡ്സ് ആൻഡ് അദർ ഓപ്പൺ നാച്ചുറൽ ഇക്കോസിസ്റ്റംസ് (ONEs)' പുറത്തിറക്കി.

  - മംഗോളിയയിലെ ഉലാൻബാതറിൽ നടന്ന United Nations Convention to Combat Desertification (UNCCD) – ൽ ഗൈഡ് പുറത്തിറക്കിയത്

- വിവരാവകാശ നിയമപ്രകാരമുള്ള രണ്ടാം അപ്പീലുകളും പരാതികളും അതിവേഗത്തിൽ തീർപ്പാക്കുന്നതിനും ട്രാക്ക് ചെയ്യുന്നതിനുമായി കേന്ദ്ര വിവരവകാശ കമ്മീഷൻ പുറത്തിറക്കിയ നവീകരിച്ച പോർട്ടൽ

  **AppCoMS 2.0 (Appeal and Complaint Management System 2.0)**

  - നിലവിലെ മുഖ്യ വിവരവകാശ കമ്മീഷണർ - **രാജ് കുമാർ ഗോയൽ**

- ലോകമെമ്പാടുമുള്ള ഇന്ത്യൻ വംശജരായ യുവാക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയുടെ രാഷ്ട്രനിർമ്മാണത്തിലും യുവജനങ്ങൾ നയിക്കുന്ന പരിപാടികളിലും പങ്കെടുക്കാൻ അവസരങ്ങൾ നൽകുന്നതിനുമായി അടുത്തിടെ ആരംഭിച്ച ഡിജിറ്റൽ സംരംഭം

  **ഫ്രണ്ട്സ് ഓഫ് മൈ ഭാരത്**

  - യുവജനകാര്യ - കായിക മന്ത്രാലയമാണ് ആരംഭിച്ചത്
  - ഗാന്ധിനഗറിൽ നടന്ന 2026 ലെ ബ്രിക്സ് യുവജന ഉച്ചകോടിയിൽ കേന്ദ്ര യുവജനകാര്യ - കായിക സഹമന്ത്രി രക്ഷാ ഖഡ്സെ ഇതിനായുള്ള ഡിജിറ്റൽ മൊഡ്യൂൾ പ്രഖ്യാപിച്ചു.

## Science and Technology

- ആരോഗ്യമുള്ള കോശങ്ങൾക്ക് കേടുപാടുകൾ വരുത്താതെ കാൻസർ കോശങ്ങളെ ലക്ഷ്യം വക്കുന്ന മരുന്ന്

  **RK -251**

  - ഐ.എ.എസ്.എസ്.ടി. ഗവേഷകരും ഗുവാഹത്തി ഐ.ഐ.ടി.യിലെ വിദഗ്ധരും ചേർന്നാണ് രൂപകൽപന ചെയ്തത്

## Defence

- ആത്മനിർഭർ ഭാരതിന്റെ ഭാഗമായി ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ചാവേർ ഡ്രോൺ

  **ദിവ്യാസ്ത്ര എം.കെ. 3**

  - ദിവ്യാസ്ത്ര എം.കെ. 3 വിജയകരമായി പരീക്ഷിച്ചു.
  - 1500 കിലോമീറ്റർ വരെ പറക്കാൻ ശേഷിയുള്ളതാണ് ഈ ചാവേർ ഡ്രോൺ.
  - ഉത്തർപ്രദേശിലെ KAWA UAV പ്രൈവറ്റ് ലിമിറ്റഡ് ആണ് ഇത് നിർമ്മിച്ചത്

## Demise

- 2026 ആഗസ്റ്റിൽ അന്തരിച്ച പ്രശസ്ത ശില്പി

  **ചന്ദ്രശേഖർ വൈ. ശിൽപി**

  - പരമ്പരാഗത കൊത്തുപണി വിദഗ്ദനാണ് അദ്ദേഹം
  - 2024 ലെ ദേശീയ കരകൗശല അവാർഡ് നേടിയിട്ടുണ്ട്.

## Today's MCQ

1. 2025ലെ ദേശീയ കായിക പുരസ്കാരങ്ങളുടെ പുരസ്കാര നിർണയ സമിതിയുടെ അധ്യക്ഷൻ ആര്?
   a) ജസ്റ്റിസ് കെ. എം. ജോസഫ് b) ജസ്റ്റിസ് അരുൺ കുമാർ മിശ്ര
   c) ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് d) ജസ്റ്റിസ് സഞ്ജീവ് ഖന്ന
2. 2025-ലെ അർജുന അവാർഡ് (ലൈഫ്ടൈം) ലഭിച്ച വ്യക്തി ആര്?
   a) ഐ. അരുമൈനായഗം b) ധർമേന്ദ്ര സിംഗ് യാദവ്
   c) വീരേന്ദർ കുമാർ d) പർവീർ സിംഗ്

**Ans : 1(b), 2(a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
23





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 23 AUGUST 2026

## Important Days

- ദേശീയ ബഹിരാകാശ ദിനം - **ഓഗസ്റ്റ് 23**
  - 2023 ഓഗസ്റ്റ് 23-ന് ചന്ദ്രയാൻ 3 ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ സോഫ്റ്റ് ലാൻഡ് ചെയ്തതിന്റെ ഓർമ്മയ്ക്കായി ദേശീയ ബഹിരാകാശ ദിനം ആചരിക്കുന്നു
  - ചന്ദ്രയാൻ 3 വിക്ഷേപിച്ചത് - **2023 ജൂലൈ 14**
  - ചന്ദ്രയാൻ 3 ചന്ദ്രന്റെ ഭ്രമണപഥത്തിൽ എത്തിയത് - **2023 ഓഗസ്റ്റ് 5**
  - ചന്ദ്രയാൻ 3 വിക്ഷേപണ വാഹനം - **LVM3 - M4**
  - വിക്ഷേപണ സമയത്തെ ISRO ചെയർമാൻ - **എസ്. സോമനാഥ്**

## Kerala

- സ്കൂൾ കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതി

  **അക്വാഫിറ്റ്**
  - വിദ്യാർത്ഥികളുടെ ശാരീരികക്ഷമതയും ജലസുരക്ഷാ അവബോധവും ജീവൻരക്ഷാ നൈപുണ്യവും വികസിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്

## National

- സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന നവജാതശിശുക്കൾക്ക് ഒരു ഗ്രാമിന്റെ വീതം സ്വർണമോതിരം സൗജന്യമായി നൽകുന്ന തമിഴ്നാട് സർക്കാർ പദ്ധതി

  **തായ് മാമൻ തങ്ക മോതിരം**
  - പദ്ധതിയിൽ സ്വർണമോതിരം വിതരണം ചെയ്യാനുള്ള കരാർ കേരളം ആസ്ഥാനമായുള്ള പ്രമുഖ ജൂവലറി ഗ്രൂപ്പായ ജോയ് ആലുക്കാസ്, കല്യാൺ എന്നിവർക്ക് നൽകി.
- മംഗളൂരു മേഖല സൗത്ത് വെസ്റ്റേൺ റെയിൽവേയുടെ മൈസൂരു ഡിവിഷനിലേക്ക് ഒക്ടോബർ 1 മുതൽ മാറും
  - നിലവിൽ ഇത് പാലക്കാട് ഡിവിഷന്റെ ഭാഗമാണ്
  - മംഗളൂരു തുറമുഖം ഉൾപ്പെടുന്ന മേഖല മാറുന്നതോടെ പാലക്കാട് ഡിവിഷന്റെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കും
  - ഡിവിഷൻ അതിർത്തി ഉള്ളാൾ വരെയാക്കിയും ചുരുക്കിയിട്ടുണ്ട്.
  - 1956 ഓഗസ്റ്റിലാണ് പാലക്കാട് ഡിവിഷൻ നിലവിൽ വന്നത്
- ഗാന്ധി: ഫ്രം ദി കളക്ഷൻ ഓഫ് ആനന്ദ് ടി ഹിംഗോറാനി എന്ന കൈയെഴുത്ത് സന്ദേശങ്ങൾ ലേലത്തിൽ 16.20 കോടി രൂപയ്ക്ക് വിറ്റു പോയി
  - ഗാന്ധിജി സഹപ്രവർത്തകനും സ്വാതന്ത്ര്യസമര സേനാനിയുമായ ആനന്ദ് ടി ഹിംഗോറാനിക്കായി എഴുതിയ കൈയെഴുത്ത് സന്ദേശങ്ങളാണ് വിറ്റ് പോയത്

- ഹിംഗോറാനിയുടെ ഭാര്യ വിദ്യയുടെ മരണത്തെത്തുടർന്നാണ് ഗാന്ധിജി അദ്ദേഹത്തിന് ഈ സന്ദേശങ്ങൾ നൽകിയത്
- ഈ സന്ദേശങ്ങൾ 'എ തോട്ട് ഫോർ ദി ഡേ എന്ന് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്
- ഏറ്റവും കൂടിയ തുകയ്ക്ക് ലേലത്തിൽ വിറ്റുപോയ ഒരു ഇന്ത്യൻ ചരിത്രരേഖ എന്ന ലോക റെക്കോഡ് ഇത് നേടി

## Defence

- ഇന്ത്യ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് ശ്രേണിയിലെ മൂന്നാമത്തെ കപ്പൽ

**INS മംഗ്രോൾ (INS Mangrol)**

  - 2026 ഓഗസ്റ്റിൽ കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡ് (CSL) ഇന്ത്യൻ നാവികസേനയ്ക്ക് ഈ കപ്പൽ കൈമാറി
  - മംഗ്രോൾ എന്ന പേര് ഗുജറാത്തിലെ ജുനഗഡ് ജില്ലയിലെ തന്ത്രപ്രധാനമായ തീരദേശ പട്ടണമായ മംഗ്രോൾളിൽ നിന്നാണ് സ്വീകരിച്ചത്.
  - സമുദ്രവ്യാപാരത്തിനും മത്സ്യബന്ധനത്തിനും യാനങ്ങളുടെ നിർമ്മാണത്തിനും പേരുകേട്ട സ്ഥല മാണിത്.

## Sports

- 2026- ലെ ലൊസെയ്ൻ ഡയമണ്ട് ലീഗ് ജാവലിൻ ത്രോയിൽ ഒന്നാമതെത്തിയത്

**Rumesh Tharange Pathirage (ശ്രീലങ്ക)**

  - രണ്ടാമത് - **നീരജ് ചോപ്ര** ( ഇന്ത്യ)
  - മൂന്നാമത് - **ആൻഡേഴ്സൺ പീറ്റേഴ്സ്** (ഗ്രനേഡ)
  - 2026 കോമൺവെൽത്ത് ഗെയിംസ് ജാവലിൻ ത്രോയിലും റുമേഷ് പതിരംഗ സ്വർണം നേടിയിരുന്നു (നീരജ് ചോപ്ര വെള്ളിയും നേടി)

- 2027 ഫിഫ വനിതാ ലോകകപ്പ് വേദി

**ബ്രസീൽ**

  - ഉദ്ഘാടന മത്സരത്തിന്റെയും ഫൈനൽ മത്സരത്തിന്റെയും വേദി - **മാരക്കാന സ്റ്റേഡിയം**
  - പങ്കെടുക്കുന്ന ടീമുകൾ - **32**
  - ആകെ മത്സരങ്ങൾ - **64**
  - 2023 ഫിഫ വനിതാ ലോകകപ്പ് വേദി - **ഓസ്ട്രേലിയ, ന്യൂസിലാന്റ്** (ജേതാക്കൾ - സ്പെയിൻ)

- മുൻ ഓസ്ട്രേലിയൻ ക്രിക്കറ്റ് താരം മോയിസസ് ഹെൻറിക്വസ് നിലവിൽ കളിക്കുന്ന ടീം

**പോർച്ചുഗൽ**

  - പോർച്ചുഗൽ ടീമിന്റെ ക്യാപ്റ്റനാണ്
  - അടുത്തിടെ T-20 ലോകകപ്പ് യോഗ്യതാ മത്സരത്തിൽ പോർച്ചുഗൽ ടീമിനായി താരം സെഞ്ചറി നേടിയിരുന്നു

## Demise

- 2026 ഓഗസ്റ്റിൽ അന്തരിച്ച ദക്ഷിണേന്ത്യൻ ചലച്ചിത്ര നടി

**സൗക്കാർ ജാനകി**

- 1950-ൽ പുറത്തിറങ്ങിയ ഷാവുകാരു എന്ന ചിത്രത്തിലൂടെ അരങ്ങേറ്റം കുറിച്ചു ഇതിലെ സൗക്കാർ എന്ന കഥാപാത്രം ശ്രദ്ധേയമായി അതിനു ശേഷമാണ് അവർക്ക് 'സൗകാർ ജാനകി' എന്ന പേര് ലഭിച്ചത്
- 'സ്കൂൾ മാസ്റ്റർ' എന്ന ചിത്രത്തിലൂടെയാണ് അവർ മലയാളത്തിൽ അരങ്ങേറ്റം കുറിക്കുന്നത്.
- മലയാളത്തിൽ സൂര്യമാനസം എന്ന ചിത്രത്തിൽ മമ്മൂട്ടി അവതരിപ്പിച്ച പുട്ടുറുമീസ് എന്ന കഥാപാത്രത്തിന്റെ അമ്മയായി എത്തിയത് സൗകാർ ജാനകിയായിരുന്നു
- 2022-ൽ പത്മശ്രീ നൽകി രാജ്യം ആദരിച്ചു

## Today's MCQ

1. 2026 ആഗസ്റ്റിൽ ആർ.ബി.ഐ സെൻട്രൽ ബോർഡിലെ പാർട്ട് ടൈം, നോൺ ഒഫീഷ്യൽ ഡയറക്ടറായി നിയമിതനായ മുൻ ISRO ചെയർമാൻ

   a) കെ. ശിവൻ　　b) ജി. മാധവൻ നായർ

   c) എസ്. സോമനാഥ്　　d) കെ. രാധാകൃഷ്ണൻ

2. 2026 ആഗസ്റ്റിൽ ബംഗ്ലാദേശ് പ്രസിഡന്റായി നിയമിതനായത്

   a) മിർസ ഫക്രുൽ ഇസ്‌ലാം ആലംഗീർ

   b) മുഹമ്മദ് ഷഹാബുദ്ദീൻ

   c) താരിഖ് റഹ്മാൻ

   d) മുഹമ്മദ് യൂനുസ്

   **Ans : 1(c), 2(a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
24-26





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Kerala

- 72-ാമത് നെഹ്റു ട്രോഫി വള്ളംകളി ജേതാക്കൾ

  **അരോമ ചുണ്ടൻ** (അരോമ ബോട്ട് ക്ലബ്)

  - രണ്ടാം സ്ഥാനം - **നടുഭാഗം ചുണ്ടൻ** (പി.ബി.സി. പുന്നമട എൻ.സി.എഫ്.സി. ബോട്ട് ക്ലബ് )
  - മൂന്നാം സ്ഥാനം - **വീയപുരം ചുണ്ടൻ** (യു.ബി.സി. കൈനകരി എഫ്.സി.)
  - നാലാം സ്ഥാനം - **മേൽപാടം ചുണ്ടൻ** (പള്ളാത്തുരുത്തി ബോട്ട് ക്ലബ്)
  - ഭാഗ്യചിഹ്നം - **വേഴു** (വള്ളം തുഴയുന്ന വേഴാമ്പൽ )
  - നെഹ്റു ട്രോഫി വള്ളംകളിയുടെ പുതുക്കിയ സമ്മാനത്തുകകൾ

    ഒന്നാം സമ്മാനം - **25 ലക്ഷം രൂപ**

    രണ്ടാം സമ്മാനം - **20 ലക്ഷം രൂപ**

    മൂന്നാം സമ്മാനം - **15 ലക്ഷം രൂപ**

  - നെഹ്റു ട്രോഫി വള്ളംകളി നടക്കുന്നത് - **ആലപ്പുഴയിലെ പുന്നമട കായലിൽ**

- അടുത്തിടെ പ്രൊജക്റ്റ് സൂര്യ ആരംഭിച്ച സംസ്ഥാനം

  **കേരളം**

  - കുറഞ്ഞ ചെലവിൽ പഴയ ബസുകൾ നവീകരിക്കുന്നതിനൊപ്പം സാങ്കേതിക വിദ്യാർഥികൾക്ക് വർക്ക് ഷോപ്പുകളിൽ പരിശീലനം നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്.
  - ഗതാഗത മന്ത്രി - **സി.പി ജോൺ**

- നാല് വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി ക്ലോർഫെനിറാമിൻ മാലിയേറ്റ്, ഫിനൈലെഫ്രിൻ ഹൈഡ്രോ ക്ലോറൈഡ് എന്നിവ അടങ്ങിയ ഫിക്സഡ് ഡോസ് കോമ്പിനേഷൻ മരുന്നുകളുടെ നിർമാണം, വിൽപ്പന, വിതരണം എന്നിവയിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി.

  - നാലുവയസ്സിൽ താഴെയുള്ള കുട്ടികളിൽ ഇത്തരം മരുന്നുകൾ അപകടസാധ്യത ഉണ്ടാക്കാമെന്നും കൂടുതൽ സുരക്ഷിതമായ മറ്റു മരുന്നുകൾ ലഭ്യമാണെന്നും അധികൃതർ വ്യക്തമാക്കി.

- അടുത്തിടെ അക്രമകാരികളും മാരകരോഗം ബാധിച്ചതുമായ തെരുവ് നായ്ക്കളുടെ ദയാവധത്തിന് അനുമതി നൽകിയ സംസ്ഥാനം

  **കേരളം**

  - തദ്ദേശ സ്വയംഭരണ തലത്തിൽ തെരുവുനായ നിയന്ത്രണം, മാനേജ്മെന്റ്, ദയാവധം നടപ്പാക്കൽ എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്തത്തിനായി സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു.

- വനയാത്രകളെയും വന്യജീവികളെയും ഇഷ്ടപ്പെടുന്നവർക്കായി വനം വകുപ്പ് ഒരുക്കുന്ന പോഡ്കാസ്റ്റ്

  **വൈൽഡ് 100 : 100 വോയ്സ് ഫോർ നേച്ചർ**

  - വനം, വന്യജീവി മന്ത്രി - **ഷിബു ബേബി ജോൺ**

## National

- 2026 മിസ് യൂണിവേഴ്സ് ഇന്ത്യ കിരീടം നേടിയത്

  **Kaziah Liz Mejo**

  - കേരളത്തിലെ ആലപ്പുഴ ജില്ലയിൽ നിന്നുള്ള വ്യക്തിയാണ്. യു.എ.ഇ.യിൽ ജനിച്ചു വളർന്നു
  - 2026 മിസ് യൂണിവേഴ്സ് ഇന്ത്യയുടെ വേദി -**ജയ്പൂർ**
  - 2026 നവംബറിൽ പ്യൂർട്ടോ റിക്കോയിൽ നടക്കുന്ന 75-ാമത് മിസ് യൂണിവേഴ്സ് മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കും.

- അടുത്തിടെ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾക്കായി 'മഹിളാ കമാൻഡോ കൺവേർഷൻ കോഴ്സ്' ആരംഭിച്ച സായുധ സേനാ വിഭാഗം

  **നാഷണൽ സെക്യൂരിറ്റി ഗാർഡ്**

  - ഇന്ത്യയുടെ ഭീകരവിരുദ്ധ പോരാട്ടത്തിൽ സ്ത്രീകളുടെ പ്രവർത്തന ശേഷി ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ, സംസ്ഥാന പോലീസ് സേനകളിലെയും കേന്ദ്ര സായുധ പോലീസ് സേനകളിലെയും (CAPFs) വനിതാ ഉദ്യോഗസ്ഥർക്കായി മനേസറിലെ നാഷണൽ സെക്യൂരിറ്റി ഗാർഡ് (NSG) പരി ശീലന അക്കാദമി ആദ്യത്തെ മഹിളാ കമാൻഡോ കൺവേർഷൻ കോഴ്സ് (MCCC) ആരംഭിച്ചു.

## International

- സാഹിത്യ സൃഷ്ടികൾ എ.ഐ. ചാറ്റ് ബോട്ടുകൾ ഉപയോഗിച്ച് വികസിപ്പിക്കുന്നവരെ വിളിക്കുന്ന പേര്

  **Bothor**

  - Bot, Author എന്നീ വാക്കുകൾ ചേർന്നാണ് Bothor എന്ന വാക്ക് രൂപീകരിച്ചത്.
  - 2026-ലെ കോമൺവെൽത്ത് ചെറുകഥാ പുരസ്കാരത്തിൽ കരീബിയൻ മേഖലയിലെ മികച്ച കഥ യായി തിരഞ്ഞെടുക്കപ്പെട്ട The Serpent in the Grove എന്ന രചന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് എഴുതിയതാണെന്ന് സോഷ്യൽ മീഡിയയിൽ വ്യാപകമായി ആരോപിക്കപ്പെട്ടു.
  - The Serpent in the Grove എഴുതിയത് - **ജാമിർ നസീർ**

- ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാണെന്ന് ചൂണ്ടിക്കാട്ടി അടുത്തിടെ 'മാഷ ആൻഡ് ദി ബെയർ' എന്ന കാർട്ടൂണിന് നിരോധനം ഏർപ്പെടുത്തിയ രാജ്യം

  **ഉക്രൈൻ**

  - പരമ്പരയുടെ നിർമാതാക്കൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും ഉക്രൈൻ ഭരണകൂടം ഉപരോധ മേർപ്പെടുത്തുകയും ചെയ്തു.

- 2026 -ൽ പുറത്തുവിട്ട പഠന റിപ്പോർട്ട് പ്രകാരം ഉപഗ്രഹവിക്ഷേപണ ചെലവ് ഏറ്റവും കൂടുതൽ ഉള്ള രാജ്യം

  **ഇന്ത്യ**

  - കേംബ്രിഡ്ജ് സർവകലാശാലയിലെയും ടൂറിനിലെ പൊളിടെക്നിക്കോ ഡി ടോറിനോയിലെയും ഗവേഷകരാണ് പഠനം നടത്തിയത്

- അടുത്തിടെ യു.എസ് 'ഭീകരവാദത്തെ പിന്തുണയ്ക്കുന്ന രാജ്യങ്ങളുടെ' പട്ടികയിൽ നിന്ന് ഒഴിവാക്കിയ രാജ്യം

    **സിറിയ**

    - 1979 മുതൽ സിറിയയെ യു.എസ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുകയായിരുന്നു.
    - ഇനി ക്യൂബ, ഇറാൻ, ഉത്തര കൊറിയ എന്നിവരാണ് പട്ടികയിൽ അവശേഷിക്കുന്നത്.

## Defence

- അടുത്തിടെ ഇന്ത്യ തദ്ദേശീയമായി നിർമിച്ച നിസ്റ്റാർ ക്ലാസിലെ രണ്ടാമത്തെ ഡൈവിംഗ് സപ്പോർട്ട് വെസ്സൽ (DSV)

    **നിപുൺ**

    - വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് ലിമിറ്റഡിലാണ് വെസ്സൽ തദ്ദേശീയമായി രൂപകൽപ്പന ചെയ്തത്.
    - ആധുനിക ഡൈവിംഗ് സംവിധാനങ്ങളും അണ്ടർവാട്ടർ ഇടപെടൽ കഴിവുകളും കപ്പലിൽ സജ്ജീക രിച്ചിരിക്കുന്നു.
    - 2026 ഓഗസ്റ്റ് 31 ന് മുംബൈയിലെ നേവൽ ഡോക്ക്യാർഡിൽ ഇന്ത്യൻ നാവികസേന കമ്മീഷൻ ചെയ്യും.

- ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡും (HAL) സഫ്രാൻ ഹെലികോപ്റ്റർ എഞ്ചിൻസും, SAFHAL ഹെലികോപ്റ്റർ എഞ്ചിൻസ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് നിർമ്മിക്കുന്ന ഹൈപവർ ഹെലി കോപ്റ്റർ എഞ്ചിൻ

    **ആരവല്ലി**

    - 2026 ഓഗസ്റ്റിൽ ഈ അത്യാധുനിക എഞ്ചിന്റെ രൂപകൽപ്പന, വികസനം, നിർമ്മാണം, വിതരണം, എന്നിവ ആരംഭിക്കുന്നതിനുള്ള അന്തിമ കരാറിൽ കമ്പനികൾ ഒപ്പുവച്ചു.

## Sports

- 2026 ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ കിരീടം നേടിയത്

    **ഈസ്റ്റ് ബംഗാൾ എഫ്.സി**

    - ഫൈനലിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ 4 -1 ന് പരാജയപ്പെടുത്തി
    - ഡ്യൂറൻഡ് കപ്പിന്റെ 135-ാമത് പതിപ്പാണ് 2026-ൽ നടന്നത്
    - ഈസ്റ്റ് ബംഗാളിന്റെ 17-ാമത്തെ ഡ്യൂറൻഡ് കപ്പ് കിരീടമാണിത്. ഇതോടെ ഏറ്റവും കൂടുതൽ തവണ കിരീടം നേടിയ മോഹൻ ബഗാന്റെ റെക്കോർഡിനൊപ്പം (17 കിരീടങ്ങൾ) ഈസ്റ്റ് ബംഗാളുമെത്തി.

## Today's MCQ

1. സ്കൂൾ കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതി

    (a) അക്വാഫിറ്റ് (b) ഈസി സ്വിം

    (c) അക്വ സ്വിം (d) സ്കൂൾഫിറ്റ്

2. 2027 ഫിഫ വനിതാ ലോകകപ്പ് വേദി

    (a) കാനഡ (b) മെക്സിക്കോ

    (c) ബ്രസീൽ (d) ആസ്ട്രേലിയ

**Ans : 1(a), 2(c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG
27-29



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 27 - 29 AUGUST 2026

## Book & Author

- മാനസമിത്രം എന്ന കഥാസമാഹാരം രചിച്ചത്

  **ഉണ്ണി. ആർ**

  - ഗംഭീര വിക്രമ, നെടുമോഹനിദ്ര, എഴുത്തച്ഛൻ, മലമുകളിൽ രണ്ടുപേർ, അദൃശ്യന്മാരസത്തുക്കൾ, ചിത്രപടം, അവിഹിത സുന്ദരലോകം, മാനസമിത്രം, പെപ് പൈപ്പർ എന്നിങ്ങനെ ഒമ്പതു കഥകളാണ് പുസ്തകത്തിലുള്ളത്
  - ഇദ്ദേഹത്തിന്റെ 'വാങ്ക്' എന്ന കഥാസമാഹാരത്തിന് 2020 ലെ കേരളം സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിരുന്നു

## Kerala

- 2026 പായിപ്പാട് ജലോത്സവത്തിൽ ജേതാക്കളായത്

  **പായിപ്പാടൻ ചുണ്ടൻ** (അരോമ ബോട്ട് ക്ലബ്)

  - പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴഞ്ഞ മേലപ്പാടം ചുണ്ടനാണ് രണ്ടാം സ്ഥാനം
  - ചെറുതന ചുണ്ടനാണ് മൂന്നാം സ്ഥാനം
  - പായിപ്പാട് വള്ളംകളി അരങ്ങേറുന്നത് - **അച്ചൻകോവിലാർ**

## National

- മനുഷ്യർക്കും പരിസ്ഥിതിക്കും ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെന്ന കണ്ടെത്തലിനെ തുടർന്ന് കേന്ദ്ര സർക്കാർ നിരോധിക്കാൻ തീരുമാനിച്ച കീടനാശിനി

  **കാർബോസൾഫാൻ**

  - നെല്ല്, പരുത്തി, ജീരകം, മുളക്, വഴുതന തുടങ്ങിയവയുടെ കൃഷികൾക്കാണ് കാർബോസൾഫാൻ ഉപയോഗിക്കുന്നത്.

- ഇന്ത്യയിലെ ആദ്യത്തെ ക്വാണ്ടം ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് യൂണിവേഴ്സിറ്റി ക്യാമ്പസ് നിലവിൽ വരുന്നത്

  **അമരാവതി**

  - 730.7 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്

- 2026 ആഗസ്റ്റിൽ പാമ്പുകടി ഒരു നോട്ടിഫിയബിൾ രോഗമായി പ്രഖ്യാപിച്ച സംസ്ഥാനം

  **മഹാരാഷ്ട്ര**

  - ആരോഗ്യ സ്ഥാപനങ്ങൾ സർക്കാരിനെ അറിയിക്കണമെന്ന് അധികാരികൾ ആവശ്യപ്പെടുന്ന ഒരു രോഗമാണ് Notifiable Diseases

## International

- 2026 ഓഗസ്റ്റിൽ മിന്നൽ പ്രളയമുണ്ടായ ഏഷ്യൻ രാജ്യം

  **നേപ്പാൾ**

- 2026 ഓഗസ്റ്റിൽ ഓപ്പറേഷൻ ഇക്കണോമിക് ഔട്ട്കാസ്റ്റ് എന്ന പേരിൽ കടുത്ത ഉപരോധ നടപടികൾ പ്രഖ്യാപിച്ച രാജ്യം

  **അമേരിക്ക**

  - ഇറാന്റെ മേലുള്ള സാമ്പത്തിക ഉപരോധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് പ്രഖ്യാപനം
  - ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റാണ് പ്രഖ്യാപനം നടത്തിയത്
  - ഇറാനിൽ നിന്ന് പെട്രോളിയം, പെട്രോകെമിക്കൽ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്തുവെന്ന് ആരോപിച്ച് ഇന്ത്യ ആസ്ഥാനമായ നാല് കമ്പനികൾക്കും മൂന്ന് ഇന്ത്യൻ പൗരർക്കും അമേരിക്ക ഉപരോധം ഏർപ്പെടുത്തി

- ജാവലിൻ ആന്റി ടാങ്ക് ഗൈഡഡ് മിസൈൽ സംവിധാനം സ്വന്തമാക്കാനായി ഇന്ത്യ കരാർ ഒപ്പിട്ട വിദേശ രാജ്യം

  **യു. എസ്. എ**

  - മാൻ പോർട്ടബിൾ ആന്റി ടാങ്ക് സംവിധാനമാണ് ജാവലിൻ
  - സൈനികർക്ക് വലിയ വാഹനമോ പ്രത്യേക ലോഞ്ചർ വാഹനമോ ഇല്ലാതെ തന്നെ ഉപയോഗിക്കാൻ കഴിയുന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത

- 2026 സെപ്റ്റംബറിൽ ഉദ്ഘാടനം ചെയ്യുന്ന ഫ്രാൻസിലെ ആദ്യ പ്രധാന ഹിന്ദു ക്ഷേത്രം

  **BAPS സ്വാമിനാരായണൻ ഹിന്ദു മന്ദിർ**

  - ഫ്രാൻസിലെ Bussy-Saint-Georges ലാണ് ക്ഷേത്രം നിലവിൽ വരിക

## Science and Technology

- പാർക്കിൻസൺസ് രോഗം തുടക്കത്തിൽ കണ്ടെത്താനുള്ള നാനോപോർ സെൻസർ വികസിപ്പിച്ച സ്ഥാപനം

  **രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി**

  - പാർക്കിൻസൺസ്, അമിയോട്രോഫിക് ലാറ്ററൽ സ്ക്ലിറോസിസ് (ALS) തുടങ്ങിയ ഗുരുതര രോഗങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്താൻ സഹായിക്കുന്ന സാങ്കേതികവിദ്യയാണ് വികസിപ്പിച്ചെടുത്തത്.

## Sports

- ഗ്രാൻഡ് ചെസ്സ് ടൂറിൽ കിരീടം നേടുന്ന ആദ്യത്തെ ഇന്ത്യൻ ചെസ്സ് താരം

  **ആർ. പ്രഗ്നാനന്ദ**

  - ഫാബിയാനോ കരുവാനയെ പരാജയപ്പെടുത്തിയാണ് പ്രഗ്നാനന്ദ കിരീടം നേടിയത്
  - 2026 ലെ മത്സര വേദി - **സെന്റ് ലൂയിസ്**

- 2026 ലോക ബാഡ്മിന്റൺ ചാംപ്യൻഷിപ്പ് പുരുഷ സിംഗിൾസ് ജേതാവ്

  **അലക്സ് ലാനിയർ**

  - ലോകചാംപ്യൻഷിപ്പിൽ ഫ്രാൻസിനായി സ്വർണം നേടുന്ന ആദ്യ താരമായി അലക്സ് ലാനിയർ
  - വനിതാ വിഭാഗത്തിൽ ദക്ഷിണ കൊറിയയുടെ ആൻ സെ യങ് കിരീടം നേടി
  - വനിതാ ഡബിൾസിൽ മലയാളി താരം ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് ജോടി ഇന്ത്യക്കായി വെങ്കലം സ്വന്തമാക്കി.
  - വേദി - **ഇന്ത്യ**

**Demise**

- 2026 ഓഗസ്റ്റിൽ അന്തരിച്ച ശ്രീലങ്കൻ ഗായിക

**നന്ദ മാലിനി**

- ❖ നിരവധി തവണ മികച്ച വനിതാ ഗായികയ്ക്കുള്ള പ്രസിഡൻഷ്യൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്
- ❖ നിര്യാണത്തെ തുടർന്ന് ശ്രീലങ്കൻ സർക്കാർ മൂന്ന് ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു.

**Today's MCQ**

1. 72-ാമത് നെഹ്റു ട്രോഫി വള്ളംകളിയിൽ ഒന്നാം സ്ഥാനം നേടിയ ചുണ്ടൻ വള്ളം ഏതാണ്?

a) നടുഭാഗം ചുണ്ടൻ b) അരോമ ചുണ്ടൻ

c) വീയപുരം ചുണ്ടൻ d) മേൽപ്പാടം ചുണ്ടൻ

2. 2026-ലെ ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ കിരീടം സ്വന്തമാക്കിയ ടീം ഏതാണ്?

a) ഈസ്റ്റ് ബംഗാൾ എഫ്.സി b) കേരള ബ്ലാസ്റ്റേഴ്സ്

c) ബംഗളൂരു എഫ്.സി d) മുംബൈ സിറ്റി എഫ്.സി

**Ans : 1 (b), 2 (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

AUG-SEP
30-01



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 30 AUGUST 2026 TO 01 SEPTEMBER 2026

## Award

- 2026 ഓഗസ്റ്റിൽ ഉസ്ബെക്കിസ്ഥാന്റെ Oliy Darajali Do'stlik ബഹുമതി ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി

  **നരേന്ദ്ര മോദി**

  - ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് - **ഷൗക്കത്ത് മിർസിയോയേവ്**

- 2026 Ramon Magsaysay Award ജേതാക്കൾ

  **Tommy Koh (സിംഗപ്പൂർ)**

  - മുൻ നയതന്ത്രജ്ഞനും നിയമജ്ഞനുമായ ഇദ്ദേഹം അന്താരാഷ്ട്ര ചർച്ചകൾക്കും നിയമവ്യവസ്ഥ കൾക്കും നൽകിയ സംഭാവനകൾക്കാണ് ആദരിക്കപ്പെട്ടത്.

  **Bo Kyi (മ്യാൻമർ)**

  - മനുഷ്യാവകാശ പ്രവർത്തകനായ ഇദ്ദേഹം മ്യാൻമറിലെ രാഷ്ട്രീയ തടവുകാരുടെ മോചനത്തിനായും ജനാധിപത്യത്തിനായും നടത്തിയ പോരാട്ടങ്ങൾക്കാണ് പുരസ്കാരത്തിന് അർഹനായത്.
  - അസിസ്റ്റൻസ് അസോസിയേഷൻ ഫോർ പൊളിറ്റിക്കൽ പ്രിസണേഴ്സ്' (AAPP) എന്ന സംഘടന യുടെ സഹസ്ഥാപകനാണ്.

  **Runa Khan (ബംഗ്ലാദേശ്)**

  - സാമൂഹിക പ്രവർത്തകയും അധ്യാപികയുമാണ്. ബംഗ്ലാദേശിലെ ഏറ്റവും പിന്നാക്കം നിൽ ക്കുന്ന ചാർ കമ്മ്യൂണിറ്റിയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു. കാലാവസ്ഥാ വ്യതിയാനം നേരിടുന്ന ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും വിദ്യാഭ്യാസവും ഉറപ്പാക്കുന്ന 'ഫ്രണ്ട്ഷിപ്പ്' എന്ന സംഘടനയുടെ സ്ഥാപകയാണ്.

## Appointment

- 2026 ഓഗസ്റ്റിൽ ഐ.എസ്.ആർ.ഒ. ഹ്യൂമൻ സ്പെയ്സ് ഫ്ളൈറ്റ് സെന്റർ ഡയറക്ടറായി നിയമിതനായത്

  **എസ്.ആർ. ബിജു**

  - ഗഗൻയാൻ ദൗത്യത്തിന്റെ മേധാവി എന്ന അധിക ചുമതലയും അദ്ദേഹം തന്നെ വഹിക്കും.
  - ഹ്യൂമൻ സ്പെയ്സ് ഫ്ലൈറ്റ് സെന്റർ ഡയറക്ടറായിരുന്ന ദിനേശ് കുമാർ സിങ്ങിനെ യു.ആർ. റാവു ഉപഗ്രഹ കേന്ദ്രം (യു.ആർ.എസ്.സി.) മേധാവിയായി നിയമിച്ചു.

- ഓപ്പൺ എ.ഐയുടെ തെക്കു-കിഴക്കൻ ഏഷ്യ, ഓസ്ട്രേലിയ മേഖലകളുടെ വൈസ് പ്രസിഡന്റായി ചുമതലയേൽക്കുന്നത്

  **സന്ധ്യ ദേവനാഥൻ**

  - മെറ്റയുടെ വൈസ് പ്രസിഡന്റും ഇന്ത്യ, തെക്കു - കിഴക്കൻ ഏഷ്യ വിഭാഗത്തിന്റെ മേധാവിവുമായിരുന്നു സന്ധ്യ.

## Kerala

- അടുത്തിടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ സ്ഥാനം ഒഴിഞ്ഞ മുൻ സംസ്ഥാന പോലീസ് മേധാവി

**ലോക്നാഥ് ബെഹ്റ**

  - എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്കയ്ക്ക് താൽക്കാലിക ചുമതല നൽകി.
  - 2021ലാണ് ലോക്നാഥ് ബെഹ്റ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ ആയി ചുമതലയേറ്റത്.

- 2026-ൽ മുപ്പതാം വാർഷികം ആഘോഷിക്കുന്ന കേരളത്തിലെ മറൈൻ റിസർച്ച് അക്വേറിയം

**സാഗരിക മറൈൻ റിസർച്ച് അക്വേറിയം**

  - തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് പ്രവർത്തിക്കുന്നു
  - ICAR-CMFRI പ്രാദേശിക കേന്ദ്രത്തിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്
  - 1996 ആഗസ്റ്റിൽ സ്ഥാപിതമായ സാഗരിക 83 ഇനം സമുദ്രജീവികളുടെ ആവാസകേന്ദ്രമാണ്, കൂടാതെ സമുദ്ര ഗവേഷണം, വിദ്യാഭ്യാസം, സംരക്ഷണം എന്നിവയ്ക്കുള്ള കേന്ദ്രമായി വളർന്നിരിക്കുന്നു.

- കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് മലയാളിയുടെ ജീവിതരീതിയും സംസ്കാരവും അടുത്തറിഞ്ഞ് അനുഭവിക്കാനായി സംസ്ഥാന ടൂറിസം വകുപ്പ് ആരംഭിച്ച പദ്ധതി

**Be a Malayali for a Day**

  - 'കേരളത്തിലേക്ക് വരൂ, കാണൂ' (Come and See Kerala) എന്ന സമീപനത്തിൽനിന്ന് 'കേരളത്തിലേക്ക് വരൂ, അനുഭവിക്കൂ' (Come and experience Kerala) എന്ന ആശയത്തിലേക്കുള്ള മാറ്റമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.
  - വിനോദസഞ്ചാരികൾ വെറും കാഴ്ചക്കാരായി നിൽക്കാതെ പ്രാദേശിക ജനങ്ങളുമായി ഇടപഴകുകയും അവരുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യും.
  - ടൂറിസം മന്ത്രി - **പി.സി. വിഷ്ണുനാഥ്**

- സംസ്ഥാനത്തെ അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി വനിതാ-ശിശു വികസന വകുപ്പും, ആരോഗ്യ കുടുംബക്ഷേമ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതി

**ബാല്യസ്പന്ദനം**

  - സംസ്ഥാനത്തെ അങ്കണവാടി കുട്ടികളുടെ ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതിയാണ് ബാല്യസ്പന്ദനം
  - കുട്ടികളുടെ ശാരീരിക വളർച്ച, പോഷകാഹാരനില, കാഴ്ച, കേൾവി തുടങ്ങിയ ആരോഗ്യഘടകങ്ങൾ പരിശോധിക്കുന്നതിനൊപ്പം ആവശ്യമായ മെഡിക്കൽ ഇടപെടലുകൾ ഉറപ്പാക്കുന്നതിനും പദ്ധതി സഹായകരമാകും
  - വനിതാ-ശിശു വികസന വകുപ്പ് മന്ത്രി - **ബിന്ദു കൃഷ്ണ**

## National

- ഇന്ത്യയിലെ എല്ലാ ഔദ്യോഗിക, വാണിജ്യ, ഡിജിറ്റൽ പ്രവർത്തനങ്ങൾക്കും ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST) നിയമപരമായി നിർബന്ധമാക്കുന്ന കേന്ദ്ര സർക്കാർ നയം

**ഒരു രാജ്യം, ഒരു സമയം**

  - 82½ ഡിഗ്രി കിഴക്ക് രേഖാംശത്തെ അടിസ്ഥാനമാക്കിയാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം കണക്കാക്കുന്നത്.
  - ഗ്രീൻവിച്ച് സമയത്തേക്കാൾ 5.30 മണിക്കൂർ മുന്നിലാണ് ഇന്ത്യൻ സമയം.

- 2026-ൽ സ്ഥാപിതമായതിന്റെ 70-ാം വാർഷികം ആഘോഷിക്കുന്ന ഇന്ത്യൻ പൊതുമേഖലാ ലൈഫ് ഇൻഷുറൻസ് കമ്പനി

**LIC (Life Insurance Corporation of India)**

  - സ്ഥാപിതമായത് - **1956 സെപ്റ്റംബർ 1**
  - ആപ്തവാക്യം - **യോഗക്ഷേമം വഹാമ്യഹം**

## International

- അടുത്തിടെ വെനസ്വേലയുമായി എണ്ണകരാർ ഒപ്പുവെച്ച രാജ്യം

**അമേരിക്ക**

  - ലോക ചരിത്രത്തിലെ ഏറ്റവും വലിയ എണ്ണ കരാർ എന്ന് ഡൊണാൾഡ് ട്രംപ് ഇതിനെ വിശേഷിപ്പിച്ചു.
  - വെനസ്വേലയുടെ എണ്ണ ശേഖരത്തിന്റെ 65 ബില്യൺ ബാരലിലധികം യു.എസ്. നിയന്ത്രിക്കും

- 26-ാമത് എസ്.സി.ഒ. ഉച്ചകോടിയുടെ വേദി

**ബിഷ്കെക്ക് (കിർഗിസ്ഥാൻ)**

  - 2026 ൽ ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷന്റെ 25-ാം വാർഷികമാണ്
  - SCO സ്ഥാപിതമായത് - **2001**
  - ഇന്ത്യ, ചൈന, റഷ്യ എന്നിവയുൾപ്പെടെ 10 അംഗ രാജ്യങ്ങളാണ് എസ്.സി.ഒ. യിലുള്ളത്. 2017 മുതൽ ഇന്ത്യ എസ്.സി.ഒ യിൽ പൂർണ്ണ അംഗമാണ്.

## Sports

- അർജന്റീനിയൻ ഫുട്ബോൾ ഇതിഹാസം ലയണൽ മെസി അന്താരാഷ്ട്ര ഫുട്ബോളിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ചു

  - ഏറ്റവും കൂടുതൽ ലോകകപ്പ് മത്സരങ്ങൾ കളിച്ച താരം
  - ലോകകപ്പിൽ ഏറ്റവും കൂടുതൽ മിനിറ്റ് കളിച്ച താരം
  - അർജന്റീനയ്ക്കായി ഏറ്റവും കൂടുതൽ ഹാട്രിക്ക് നേടി
  - അർജന്റീനയ്ക്കായി ഏറ്റവും കൂടുതൽ അന്താരാഷ്ട്ര മത്സരങ്ങൾ കളിച്ചു
  - ലോകകപ്പിൽ ഏറ്റവും കൂടുതൽ പ്ലെയർ ഓഫ് ദി മാച്ച് അവാർഡ്
  - അർജന്റീനയ്ക്കായി ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരം (125)
  - ഒളിമ്പിക്സ് സ്വർണം (2008), ഫിഫ ലോകകപ്പ് (2022), കോപ്പ അമേരിക്ക ( 2021, 24), ഫൈനലിസിമ (2022) എന്നിവ നേടിയ അർജന്റീന ടീമിൽ അംഗമായിരുന്നു.
  - ബാലൺ ഡി ഓർ (8), ഫിഫ ഗോൾഡൻ ബോൾ (2014, 2022), കോപ്പ അമേരിക്ക ഗോൾഡൻ ബോൾ (2015, 2021), കോപ്പ അമേരിക്ക ഗോൾഡൻ ബൂട്ട് (2021) എന്നിവ നേടിയിട്ടുണ്ട്

- 2026 ഹോക്കി പുരുഷ ലോകകപ്പ് കിരീടം നേടിയത്

**ജർമ്മനി**

  - തുടർച്ചയായി രണ്ടാം തവണയാണ് കിരീടം നേടുന്നത്
  - ഇതോടെ ജർമ്മനി ഏറ്റവും കൂടുതൽ പുരുഷ ഹോക്കി ലോകകപ്പ് കീരിടം നേടിയ പാകിസ്ഥാന്റെ (4 തവണ) റെക്കോർഡിനൊപ്പമെത്തി.
  - ഫൈനലിൽ സ്പെയിനിനെ പരാജയപ്പെടുത്തി
  - 2026 ലെ വനിത ഹോക്കി ലോകകപ്പ് കിരീടം നേടിയത് - **അർജന്റീന**
  - അർജന്റീനയുടെ മൂന്നാമത്തെ കീരിടം
  - നെതർലാൻഡ്സിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ പരാജയപ്പെടുത്തി
  - വേദി - **ബെൽജിയം, നെതർലൻഡ്സ്**

**Today's MCQ**

1. 2026 ആഗസ്റ്റിൽ പാമ്പുകടി ഒരു 'നോട്ടിഫിയബിൾ രോഗമായി' പ്രഖ്യാപിച്ച ഇന്ത്യൻ സംസ്ഥാനം?

   a) കേരളം　　b) മഹാരാഷ്ട്ര

   c) തമിഴ്നാട്　　d) കർണാടക

2. കേന്ദ്ര സർക്കാർ നിരോധിക്കാൻ തീരുമാനിച്ച, മനുഷ്യർക്കും പരിസ്ഥിതിക്കും ഒരുപോലെ ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന കീടനാശിനി ?

   a) ക്ലോർപൈറിഫോസ്　　b) ഇൻഡോസൾഫാൻ

   c) കാർബോസൾഫാൻ　　d) മലാത്തിയോൺ

**Ans : 1 (b), 2 (c)**

TALENT PSC Academy a Veranda Enterprise